# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 30 | Issue 3 | Fortnightly | October 1, 2018 | Page 40 | ₹ 10







## അസിസ്റ്റന്റ് പ്രൊഫസർ ഇൻ പീഡിയാട്രിക്സ്

മെഡിക്കൽ വിദ്യാഭ്യാസ സർവീസ്

## ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ്-II



മെഡിക്കൽ വിദ്യാഭ്യാസം

## അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II

തൊഴിൽ

## ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

വ്യവസായവും വാണിജ്യവും

ഉൾപ്പെടെ **91** വിജ്ഞാപനങ്ങൾ

## ഏജൻസികൾക്ക് ഓൺലൈൻ പേയ്മെന്റ് സംവിധാനം നിലവിൽവരുന്നു

പിഎസ്‌സി ബുള്ളറ്റിൻ വായനക്കാരുടെയും ഏജൻസികളുടെയും ദീർഘകാലമായിട്ടുള്ള അഭ്യർഥന പരിഗണിച്ച് ഒക്ടോബർ ഒന്നുമുതൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം നടപ്പിൽവരുത്തുകയാണ്. ഉദ്യോഗാർഥികൾക്ക് പ്രൊഫൈൽവഴി വരിസംഖ്യ ഒടുക്കുന്നതിന് സംവിധാനം ഉണ്ടായിരുന്നുവെങ്കിലും പൊതുജനത്തിന് ഓൺലൈനായി വരിസംഖ്യ അടയ്ക്കാൻ വ്യവസ്ഥയില്ലായിരുന്നു. പുതിയ സംവിധാനം നിലവിൽവരുന്നതോടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ മുതലായവയ്ക്ക് സൗകര്യപ്രദമായി വരിസംഖ്യ ഒടുക്കുന്നതിനും അതിലൂടെ കൂടുതൽ പേരിലേക്ക് ബുള്ളറ്റിനിന്റെ സേവനം എത്തിച്ചേരുന്നതിന് അവസരമൊരുക്കാൻ സാധിക്കുകയും ചെയ്യും. ഏജൻസികൾക്ക് പണമൊടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സൗകര്യക്കുറവിന് ഓൺലൈൻ പേയ്മെന്റ് സംവിധാനം വരുന്നതിലൂടെ പൂർണ പരിഹാരമാകും.

പിഎസ്‌സി ബുള്ളറ്റിൻ കൂടുതൽ ഉപയോഗപ്രദമായ രീതിയിൽ പ്രസിദ്ധീകരിക്കുന്നതിന് ഉള്ളടക്ക ക്രമീകരണത്തിനായുള്ള വായനക്കാരുടെ നിർദ്ദേശങ്ങൾ ഏറെ വിലപ്പെട്ടതാണ്. സമീപകാലത്ത് കളർ പേജുകളുടെ എണ്ണം കൂട്ടിയിട്ടുണ്ട്. അടുത്തകാലത്ത് ആരംഭിച്ച പംക്തികളായ വായനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുക, പ്രസിദ്ധീകരിച്ച റാങ്ക്ലിസ്റ്റുകളുടെ പട്ടികയും കമ്മിഷൻ തീരുമാനങ്ങളും പ്രസിദ്ധീകരിക്കുക തുടങ്ങിയവ വളരെ ഉപയോഗപ്രദമാണെന്ന് പല വായനക്കാരും അറിയിച്ചിട്ടുണ്ട്.

വായനക്കാരുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് കേരളത്തെക്കുറിച്ചുള്ള വിവരങ്ങൾക്ക് പ്രാധാന്യം നൽകി 2016-ൽ പുറത്തിറക്കിയ വജ്രജൂബിലി വിശേഷാൽ പതിപ്പ് പരിഷ്കരിച്ച് പുന:പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബുള്ളറ്റിൻ സംബന്ധമായ നിങ്ങളുടെ നിർദ്ദേശങ്ങളും വിമർശനങ്ങളും തുടർന്നും അറിയിക്കണമെന്ന് അഭ്യർഥിക്കുന്നു.

പുതിയ പേയ്മെന്റ് സംവിധാനത്തിന്റെ സാങ്കേതിക സാക്ഷാത്കാരത്തിന് പിന്നിൽ പ്രവർത്തിച്ചവരെയെല്ലാം അഭിനന്ദിക്കുന്നു. ബുള്ളറ്റിനിനെ സംബന്ധിച്ചിടത്തോളം നിർണായകമായ ഒരു ഘട്ടത്തിലേക്കാണ് നമ്മൾ പ്രവേശിക്കുന്നത്. പരമ്പരാഗതരീതിയിൽ പണമൊടുക്കുന്നതിന് പകരം ഇ-പേയ്മെന്റ് മാർഗത്തിലേക്ക് ഏജൻസികൾ മാറിയാൽമാത്രമേ പുതിയ സമ്പ്രദായം നടപ്പാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രായോഗികമാനം കൈവരിക്കുകയുള്ളൂ. അതിനാൽ ഈ ഉദ്യമത്തിന് വായനക്കാരുടെയും ഏജൻസികളുടെയും സഹകരണവും പ്രോത്സാഹനവും അഭ്യർഥിക്കുന്നു. ഏജൻസി നിലവിലില്ലാത്ത സ്ഥലങ്ങളിൽ ബുള്ളറ്റിൻ പ്രചരിപ്പിക്കുന്നതിന് ഏവരുടെയും പങ്കാളിത്തം ഈയവസരത്തിൽ പ്രതീക്ഷിക്കുന്നു.



സാജു ജോർജ്
സെക്രട്ടറി
കേരള പബ്ലിക് സർവീസ് കമ്മിഷൻ

**DEPARTMENTAL EXAMINATION FOR JUNIOR MEMBERS OF I.A.S., JUNIOR MEMBERS OF I.P.S. AND JUNIOR MEMBERS OF I.F.S. (FOR JUNIOR MEMBERS OF I.A.S., I.P.S. AND JUNIOR MEMBERS OF I.F.S. LANGUAGE TEST - SEPTEMBER 2018**

Last date of receipt of application through online is 24-10-2018 at 12 Midnight
For Further detailes visit the official website of Kerala Public Service Commission
www.keralapsc.gov.in


പ്രളയം : അപേക്ഷിക്കാൻ കഴിയാതെ പോയവർക്ക് വീണ്ടും അവസരം — പേജ് 2

എലിജിബിലിറ്റി ടെസ്റ്റ് 2018 -വിജ്ഞാപനം — പേജ് 3

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർപേഴ്സൺ**

**ശ്രീമതി. ആർ പാർവതിദേവി**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. പി. സുരേഷ്കുമാർ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ഡോ. ജിനു സക്കറിയ ഉമ്മൻ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**അഡ്വ. രഘുനാഥൻ. എം. കെ.**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ഡോ. കെ. പി. സജിലാൽ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ടി ആർ അനിൽകുമാർ**
മെംബർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**കെ. രാധാകൃഷ്ണപിള്ള**

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി. ആർ. യൂണിറ്റ്): *0471 2546270*


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004

- വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.
- ജില്ലാതല സോർട്ടിങ്ങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി. ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts
ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

## ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401 (പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

## കോൾ സെന്റർ

കോൾ സെന്റർ: 0471 2444428, 0471 2444438,0471 2555538 (പ്രവർത്തന സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 മണിവരെ).

## മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2317435, കോഴിക്കോട്: 0495 2371500

## ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188/ 0471 2546402, കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665, ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278, ഇടുക്കി: 04868 272359, എറണാകുളം: 0484 2314500, തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398, മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971, വയനാട്: 04936 202539, കണ്ണൂർ: 0497 2700482, കാസർഗോഡ്: 04994 230102

# പിഎസ്‌സി അറിയിപ്പ്

## 2018 സെപ്റ്റംബർ 24 ന് ചേർന്ന കമ്മിഷൻ യോഗ തീരുമാനങ്ങൾ

### പ്രളയം : അപേക്ഷിക്കാൻ കഴിയാതെ പോയവർക്ക് വീണ്ടും അവസരം

കാറ്റഗറി നമ്പർ 79/2018 മുതൽ 121/2018 വരെയുള്ള തസ്തികകൾക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി 2018 ആഗസ്റ്റ് 29 ആയിരുന്നു. എന്നാൽ സംസ്ഥാനത്ത് ആഗസ്റ്റ് 15 മുതൽ 23 വരെയുള്ള കാലയളവിൽ സംഭവിച്ച പ്രളയം കാരണം രേഖകൾ നഷ്ടപ്പെട്ടതിനാലും മറ്റും അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ പോയ ഉദ്യോഗാർത്ഥികൾക്ക് കാറ്റഗറി നമ്പർ 79/2018 മുതൽ 121/2018 വരെയുള്ള തസ്തികകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് 2018 ഒക്ടോബർ 10 വരെ സമയം നീട്ടി നൽകിയിരിക്കുന്നു.

# സംശയങ്ങളും മറുപടിയും



* പി.എസ്.സി.വഴി ജോലി ലഭിക്കണമെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ ?
= ഇല്ല
* കായികക്ഷമതാ പരീക്ഷയ്ക്ക് ശാരീരികമായ ബുദ്ധിമുട്ടുകൾ കാരണം പങ്കെടുക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ മറ്റൊരു തീയതിയിൽ അവസരം നൽകുമോ ?
= മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം കായികക്ഷമതാ പരീക്ഷ മാറ്റി നൽകാൻ അപേക്ഷ നൽകുന്നവർക്ക്, പ്രസ്തുത പരീക്ഷ നടക്കുന്നത് ഒന്നിലധികം ദിവസങ്ങളിലാണ് എങ്കിൽ, അവസാനിക്കുന്ന തീയതിവരെ മാത്രം മാറ്റി നൽകുന്നതാണ്.
* എന്റെ അച്ഛൻ ഈഴവ സമുദായവും അമ്മ എസ്.സി. വിഭാഗവുമാണ്. എസ്.എസ്.എൽ.സി.ബുക്കിൽ അച്ഛന്റെ ജാതിയാണ് ചേർത്തിരിക്കുന്നത്. എനിക്ക് അമ്മയുടെ ജാതി അവകാശപ്പെടാൻ സാധിക്കുമോ ?
= മിശ്ര വിവാഹത്തിൽ ഒരാൾ (അച്ഛൻ/അമ്മ) പട്ടികജാതിയോ പട്ടികവർഗമോ ആണെങ്കിൽ അമ്മയുടെ ജാതി അവകാശപ്പെടാം. റവന്യൂ അധികൃതരുടെ അന്വേഷണത്തിൽ അമ്മയുടെ ജാതിയും പരിഗണിച്ചാണ് ജീവിക്കുന്നതെന്ന് ബോധ്യമായാൽ അതു പ്രകാരമാണ് (പട്ടികജാതി) സർട്ടിഫിക്കറ്റ് നൽകുന്നത് (ജി.ഒ.എം.എസ്.109/08/എസ്.സി./ എസ്.ടി ഡിഡി തീയതി 20.11.2018). പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കുന്ന പക്ഷം അതുപ്രകാരമുള്ള ജാതി അവകാശപ്പെടാം.
* പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർ സംവരണാനുകൂല്യം ലഭിക്കുന്നതിന് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടോ ?
= മറ്റു പിന്നാക്ക വിഭാഗക്കാരാണ് (ഈഴവ, വിശ്വകർമ്മ മുതലായവ) സംവരണാനുകൂല്യം ലഭിക്കുന്നതിന് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത്. എസ്.സി./എസ്.ടി. വിഭാഗക്കാർ എൻ.സി.എൽ.സി.ഹാജരാക്കേണ്ടതില്ല. അവർ കമ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
* തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾക്ക് സംവരണാനുകൂല്യത്തിന് വ്യവസ്ഥയുണ്ടോ ?
= ഇല്ല
* ട്രാൻസ്ജെൻഡേഴ്സിന് പി.എസ്.സി.നിയമനങ്ങളിൽ സംവരണത്തിന് വ്യവസ്ഥയുണ്ടോ ?
= ഇല്ല
* ഇതര സംസ്ഥാനക്കാർക്ക് കേരള പി.എസ്.സി.മുഖേന ഉദ്യോഗങ്ങൾക്ക് അപേക്ഷിക്കാൻ സാധിക്കുമോ? സംവരണാനുകൂല്യം ലഭിക്കുമോ ?
= അപേക്ഷിക്കാം. സംവരണാനുകൂല്യത്തിന് അർഹത അതത് സംസ്ഥാനത്തുള്ളവർക്കാണ്.
* സ്റ്റുഡന്റ് പോലീസ് കേഡറ്റുകളായിരുന്നവർക്ക് പി.എസ്.സി.നിയമനങ്ങളിൽ ഗ്രേസ്മാർക്ക് നൽകാൻ വ്യവസ്ഥയുണ്ടോ ?
= ഇല്ല
* നോൺക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ കാലാവധി എത്രയാണ് ?
= ഒരു വർഷം. എന്നാൽ, ഒരു തസ്തികയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചുകഴിഞ്ഞതിനു ശേഷം ഒരു ഉദ്യോഗാർത്ഥി വാങ്ങുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന് ആ തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നതുവരെ കാലാവധി നൽകുന്നുണ്ട്.
* വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്നതിന് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് പി.എസ്.സി.സ്വീകരിക്കുമോ ?
= സ്വീകരിക്കും
* ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് തസ്തികയ്ക്ക് അതത് ജില്ലയിലുള്ളവർക്ക് അഞ്ചുമാർക്ക് വെയ്റ്റേജ് ലഭിക്കാൻ വ്യവസ്ഥയുണ്ടോ ?
= ഇല്ല.
* യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ആയി നിയമനം ലഭിച്ചു. സെക്രട്ടറിയറ്റിലേക്ക് അന്തർവകുപ്പ് മാറ്റം വാങ്ങാൻ കഴിയുമോ ?
= ഇല്ല. സർക്കാർ വകുപ്പുകളിൽ നിയമനത്തിന് പൊതു റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്ന സാഹചര്യത്തിലാണ് അന്തർവകുപ്പ് മാറ്റം അനുവദിക്കുന്നത്. യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനം ലഭിക്കുന്നവർക്ക് സംസ്ഥാനത്തെ ഇതര സർവകലാശാലകളിലേക്ക് മാറുന്നത് അനുവദനീയമാണ്.
* ബി.ടെക് യോഗ്യതയുള്ളവർക്ക് യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിലേക്ക് അപേക്ഷിക്കാൻ കഴിയുമോ ?
= കഴിയും.
* ഞാൻ ഒരു ബിരുദാനന്തര ബിരുദധാരിയാണ്. സെക്രട്ടറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് പി.ജി.ഉള്ളവർക്ക് വെയ്റ്റേജ് മാർക്ക് നൽകാൻ വ്യവസ്ഥയുണ്ടോ ?
= ഇല്ല.
* ബി.എഡ്.യോഗ്യതയുള്ളവർക്ക് എൽ.പി.സ്കൂൾ അസിസ്റ്റന്റ് തസ്തികയ്ക്ക് അപേക്ഷിക്കാൻ വ്യവസ്ഥയുണ്ടോ ?
= ഇല്ല.
* കാറ്റഗറി നമ്പർ 284/2016 റഫ്രിജറേഷൻ മെക്കാനിക്ക് മെഡിക്കൽ എഡ്യൂക്കേഷൻ തസ്തികയുടെ ചുരുക്കപ്പട്ടിക ഉടനെ പ്രസിദ്ധീകരിക്കുമോ ?
= ചുരുക്ക പട്ടിക 04.09.2018 ൽ പ്രസിദ്ധീകരിച്ചു.
* കേരള ക്ഷീരവികസന വകുപ്പിൽ ഡയറിഫാം ഇൻസ്ട്രക്ടർ തസ്തികയുടെ കാറ്റഗറി നമ്പർ 442/2016 ചുരുക്ക പട്ടിക പ്രസിദ്ധീകരിക്കാറായോ ?
= ചുരുക്കപ്പട്ടിക പ്രസിദ്ധീകരണ നടപടികൾ അവസാന ഘട്ടത്തിലാണ്.
* മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് രണ്ട് കാറ്റഗറി നമ്പർ 35/2016 (പട്ടികജാതി/പട്ടികവർഗക്കാർക്കുള്ള പ്രത്യേകനിയമനം) തസ്തികയുടെ റാങ്ക് പട്ടിക ഉടനെ പ്രസിദ്ധീകരിക്കുമോ /
= റാങ്ക് പട്ടിക പ്രസിദ്ധീകരണം അവസാന ഘട്ടത്തിലാണ്.
* കോട്ടയം ജില്ലയുടെ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) തസ്തികയുടെ റാങ്ക് പട്ടിക ഉടനെ നിലവിൽ വരുമോ ?
= കോട്ടയം ജില്ലയുടെ റാങ്ക് പട്ടിക 03.09.2018 ൽ നിലവിൽ വന്നിട്ടുണ്ട്.
* ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്ക്കൂൾ ടീച്ചർ (ജൂനിയർ) ഉറുദു തസ്തികയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരണം ഉടനെ ഉണ്ടാകുമോ ?
= 03.09.2018 ൽ ടി റാങ്ക് പട്ടിക നിലവിൽ വന്നിട്ടുണ്ട്.
* ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് പട്ടിക എപ്പോൾ ഉണ്ടാകും ?
= ടി റാങ്ക് പട്ടിക 03.09.2018 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
* എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ (തസ്തികമാറ്റം) കാറ്റഗറി 188/2016 തസ്തികയുടെ ചുരുക്ക പട്ടിക ഉടനെ വരുമോ ?
= ടി തസ്തികയുടെ ചുരുക്ക പട്ടിക 29.08.2018 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.
* ഫയർ ആൻഡ് റസ്ക്യൂ വകുപ്പിൽ ഫയർമാൻ–ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ (ട്രെയിനി) (പട്ടികജാതി/പട്ടികവർഗക്കാർക്കുള്ള പ്രത്യേകനിയമനം) കാറ്റഗറി നമ്പർ 469/2016 തസ്തികയുടെ ചുരുക്കപട്ടിക ഉടനെ വരുമോ ?
= ടി തസ്തികയുടെ ചുരുക്കപട്ടിക 05.09.2018 ൽ നിലവിൽ വന്നിട്ടുണ്ട്.
* വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) തസ്തികയുടെ എറണാകുളം ജില്ലയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചോ ?
= 13.09.2018 ൽ ടി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.
* കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ തസ്തികയുടെ ഇനി നിയമന ശിപാർശ ചെയ്യാൻ എത്ര ഒഴിവുകൾ നിലവിലുണ്ട് ?
= ഇപ്പോൾ ഒഴിവുകളൊന്നും നിലവിലില്ല.

# എലിജിബിലിറ്റി ടെസ്റ്റ് 2018 –വിജ്ഞാപനം

**അസാധാരണ ഗസറ്റ് തീയതി: 18 – 09 – 2018 അവസാന തീയതി: 17 – 10 – 2018 രാത്രി 12 മണി വരെ**

## പൊതു നിർദ്ദേശങ്ങൾ

**1)** കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള അർഹതാ നിർണ്ണയ പരീക്ഷകൾക്ക് ഓൺലൈൻ വഴി അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. ഓൺലൈൻ വഴി അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in ലൂടെ ONE TIME REGISTRATION (OTR) പൂർത്തിയാക്കിയതിനുശേഷം പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്ന പരീക്ഷാർത്ഥികൾ ഒരു കാരണവശാലും വീണ്ടും രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല. അവർ പ്രസ്തുത രജിസ്ട്രേഷനിലൂടെ (പ്രൊഫൈലിലൂടെ) മാത്രം ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

**2)** 2013 മുതൽ അർഹതാനിർണ്ണയ പരീക്ഷകൾ Objective Type (OMR മൂല്യനിർണ്ണയം) രീതിയിലാണ് നടത്തുന്നത്. Alpha Code ബാധകമായിട്ടുള്ള OMR പരീക്ഷയാണ് നടത്തുന്നത്. ഒരു പരീക്ഷയ്ക്ക് പരമാവധി മാർക്ക 100ഉം വിജയിക്കുന്നതിനുള്ള മിനിമം മാർക്ക് 40ഉം ആണ്. Negative Mark ബാധകമാണ്. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 (മൂന്നിലൊന്ന്) മാർക്ക് നഷ്ടമാകുകയും ചെയ്യും.

അർഹതാ നിർണ്ണയ പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിന് മുൻപായി പരീക്ഷാർത്ഥികൾ ഓൺലൈനായി ONE TIME REGISTRATION (OTR) ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് ഓരോ പരീക്ഷാർത്ഥിയും തങ്ങളുടെ വ്യക്തിപരമായ വിവരങ്ങളായ ജനന തീയതി, മേൽവിലാസം, ഔദ്യോഗിക പദവി, ഔദ്യോഗിക മേൽവിലാസം, സർവ്വീസ് കാലയളവ് മുതലായവ നൽകുന്നതോടൊപ്പം തങ്ങളുടെ ആറുമാസത്തിനകം എടുത്ത ഫോട്ടോഗ്രാഫും അപ്.ലോഡ് ചെയ്യേണ്ടതാണ്. തുടർന്ന് ഒരു 'User ID' ലഭിക്കുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തന്നെ 'Password' ഉം 'User ID' ഉം തെരഞ്ഞെടുക്കാവുന്നതാണ്. ഇവ രണ്ടും രഹസ്യമായി സൂക്ഷിക്കേണ്ടത് പരീക്ഷാർത്ഥികളുടെ ചുമതലയാണ്. കൂടാതെ വ്യക്തിവിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

അപേക്ഷകർക്ക് തങ്ങളുടെ 'User ID', പാസ്സ്.വേർഡ് (Password) എന്നിവ ഉപയോഗിച്ച് ഓരോ പ്രാവശ്യവും അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് പരീക്ഷാർത്ഥികൾക്ക് അർഹതാ നിർണ്ണയ പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(a) രജിസ്ട്രേഷന് ഉപയോഗിക്കേണ്ട ഫോട്ടോയുടെ മാതൃക:

1) ഫോട്ടോ 31.12.2010ന് ശേഷം എടുത്തവയായിരിക്കണം. അപേക്ഷകന്റെ പേരും ഫോട്ടോ എടുത്ത തീയതിയും ഫോട്ടോയിൽ പ്രിന്റ് ചെയ്തിരിക്കണം.

2) പരീക്ഷാർത്ഥിയുടെ മുഖവും തോൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള കളർ/ബ്ലാക്ക് ആന്റ് വൈറ്റ് പാസ്സ്.പോർട്ട് സൈസ് ഫോട്ടോയായിരിക്കണം.

3) 200 പിക്സെൽ ഉയരവും, 150 പിക്സൽ വീതിയും ഉള്ളതും jpg ഫോർമാറ്റിലുള്ളതും 30kb ഫയൽ സൈസിൽ അധികരിക്കാത്തതുമായ ഇമേജുകൾ ആണ് upload ചെയ്യേണ്ടത്. അപ്രകാരമല്ലാത്ത ഇമേജുകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

4) വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോയായിരിക്കണം (ഫോട്ടോയിലുള്ള വ്യക്തിയെ തിരിച്ചറിയാൻ സാധിക്കുന്ന തരത്തിൽ ഉള്ള പശ്ചാത്തലം ആയിരിക്കണം).

5) മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കുന്നതുമാകണം.

6) കണ്ണുകൾ വ്യക്തമായി കാണത്തക്കവിധത്തിലായിരിക്കണം.

7) തൊപ്പി, (മതാചാരത്തിന്റെ ഭാഗമായുള്ള തൊപ്പി / ശിരോവസ്.ത്രം എന്നിവയൊഴിച്ച്) ഗോഗിൾസ് എന്നിവ ധരിച്ച് എടുത്തതോ മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധത്തിലുള്ളതോ മുഖം വ്യക്തമല്ലാത്തതോ ആയ ഫോട്ടോകൾ, യൂണിഫോം ധരിച്ചുകൊണ്ടുള്ള ഫോട്ടോകൾ എന്നിവ ഉപയോഗിക്കാൻ പാടില്ല.

8) മൊബൈൽ ഫോൺ, Web Cam എന്നിവ ഉപയോഗിച്ച് എടുക്കുന്ന ഫോട്ടോയും Polaroid & Computer Generated Photo യും സ്വീകരിക്കുന്നതല്ല.

9) ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ ആയിരിക്കണം.

(1 – 9 വരെയുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഫോട്ടോയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.)

(b) പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ അവരുടെ ഫോട്ടോയോടുകൂടിയ Admission Ticket ലഭ്യമാക്കുന്നതും ആയത് Download ചെയ്ത് യഥാവിധി സാക്ഷ്യപ്പെടുത്തി

പരീക്ഷയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

(c) Online Application പൂരിപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം വിശദമായി വായിച്ചിരിക്കേണ്ടതാണ്. വിജ്ഞാപനം കമ്മീഷന്റെ വെബ്സൈറ്റിലും കമ്മീഷന്റെ ജില്ലാ / മേഖലാ ആഫീസുകൾ, ജില്ലാ കളക്ടറേറ്റുകൾ, ജില്ലാ ഇൻഫർമേഷൻ ആഫീസുകൾ എന്നിവിടങ്ങളിലും ലഭ്യമാണ്.

(d) പരീക്ഷയ്ക്കുള്ള സ്ഥലം, തീയതി, സമയം എന്നിവ യഥാസമയം പത്രമാധ്യമങ്ങളിലൂടെയും, പി.എസ്.സി. വെബ് സൈറ്റിലൂടെയും പരസ്യപ്പെടുത്തുന്നതാണ്.

കൂടാതെ സമയ വിവരപ്പട്ടികകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ജില്ലാ / മേഖലാ ആഫീസുകൾ, കളക്ടറേറ്റുകൾ, ജില്ലാ ഇൻഫർമേഷൻ ആഫീസുകൾ എന്നിവിടങ്ങളിൽ നിന്നും പരീക്ഷാർത്ഥികൾക്ക് റഫറൻസിന് ലഭിക്കുന്നതാണ്.

കൂടാതെ ഓരോ പരീക്ഷാർത്ഥിക്കും ആവശ്യമായി വരുന്ന പരീക്ഷയുടെ ടൈംടേബിൾ അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുന്നതാണ്. വ്യക്തിപരമായി പരീക്ഷാർത്ഥികൾക്ക് സമയവിവരപ്പട്ടികകൾ തപാലിൽ അയയ്ക്കുന്നതല്ല.

**3)** അർഹതാ നിർണ്ണയ പരീക്ഷ ബന്ധപ്പെട്ട സർവ്വീസിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അല്ലാത്തവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അപേക്ഷകർ ബന്ധപ്പെട്ട യോഗ്യത നിശ്ചയിച്ചിരിക്കുന്ന തസ്തികയിൽ Approved Probationer or Full Member ആയിരിക്കണം.

**4)** അപേക്ഷാഫീസ്: അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല.

(എ) അഡ്മിഷൻ ടിക്കറ്റ് യഥാവിധി സാക്ഷ്യപ്പെടുത്തി പരീക്ഷാവേളയിൽ ഹാജരാക്കേണ്ടതാണ്. നിശ്ചിത മാതൃകയിലുള്ള ഫോട്ടോയും, കമ്മീഷന്റെ എംബ്ലവും ഉള്ള അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കാത്തപക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. അഡ്മിഷൻ ടിക്കറ്റ് സർട്ടിഫൈ ചെയ്യുന്ന വ്യക്തിയുടെ പേരും ഔദ്യോഗിക പദവിയും വിലാസവും, ഒപ്പിനു താഴെ രേഖപ്പെടുത്തേണ്ടതും നിശ്ചിത സ്ഥലത്ത് ഓഫീസ് സീൽ പതിപ്പിക്കേണ്ടതുമാണ്. ആഫീസ് സീൽ ഔദ്യോഗിക പദവിയ്ക്ക് തെളിവായി സ്വീകരിക്കപ്പെടുന്നതല്ല.

(ബി) പരീക്ഷാസമയത്ത് യഥാവിധി സാക്ഷ്യപ്പെടുത്തിയ അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കാത്ത പരീക്ഷാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. പരീക്ഷാസമയത്ത് ന്യൂനതയുള്ള അഡ്മിഷൻ ടിക്കറ്റുകൾ ഹാജരാക്കുന്ന പരീക്ഷാർത്ഥികൾക്ക് ന്യുനത പരിഹരിക്കുവാൻ പിന്നീട് അവസരം നൽകുന്നതല്ല.

**5)** അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് ജയിക്കുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ മാർക്ക് 40% (നാൽപ്പത് ശതമാനം) ആണ്.

(a) ടെസ്റ്റുകളിൽ പ്രായോഗിക പരീക്ഷകൾ ഉണ്ടെങ്കിൽ തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ വച്ചോ കമ്മീഷൻ സൗകര്യപ്രദമായി തെരഞ്ഞെടുക്കുന്ന മറ്റേതെങ്കിലും കേന്ദ്രത്തിൽ വച്ചോ നടത്തുന്നതായിരിക്കും.

പ്രായോഗിക പരീക്ഷ നടത്തുന്ന സ്ഥലവും തീയതിയും യഥാസമയം പ്രസിദ്ധപ്പെടുത്തുന്നതാണ്.

**6)** മൊബൈൽ ഫോൺ, ബ്ലൂടൂത്ത്, വാക്ക്മാൻ, കാൽക്കുലേറ്റർ തുടങ്ങി വിവരവിനിമയത്തിനുള്ള എല്ലാ ഇലക്.ട്രോണിക്സ് ഉപകരണങ്ങളും പരീക്ഷാ ക്യാമ്പസിൽ കർശനമായി നിരോധിച്ചിരിക്കുന്നു. ഇത്തരം ഉപകരണങ്ങൾ പരീക്ഷാ ഹാളിനുള്ളിൽ കൈവശം വയ്ക്കുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ കമ്മീഷൻ കൈക്കൊള്ളുന്നതാണ്.

**7)** പരീക്ഷകളുടെ ചീഫ് സൂപണ്ടിനോടോ അസിസ്റ്റന്റ് സൂപ്രണ്ടിനോടോ അഡീഷണൽ സൂപ്രണ്ടിനോടോ അപമര്യാദയായി പെരുമാറുകയോ പരീക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കാണിക്കുകയോ പരീക്ഷാഹാളിൽ ബുക്കുകൾ, ഗൈഡുകൾ, ഇലക്.ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവ കൊണ്ടുവരികയോ ചെയ്യുന്നവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്. അതിനു പുറമെ അവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിക്കുന്ന കാലത്തോളം അർഹതാ നിർണ്ണയ പരീക്ഷകൾ എഴുതുന്നതിൽ നിന്നും തടഞ്ഞുവയ്ക്കുന്നതാണ്. മേൽപ്പറഞ്ഞ നടപടികൾക്കു പുറമേ മറ്റ് ഉചിതമായ നടപടികൾക്കായി വകുപ്പു മേധാവികളേയും വിജിലൻസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറേയും അറിയിക്കുന്നതാണ്. കമ്മീഷനംഗങ്ങളെയോ കമ്മീഷൻ സ്റ്റാഫിൽപ്പെട്ട ആരെയെങ്കിലുമോ പരീക്ഷകനെയോ പരീക്ഷ സംബന്ധിച്ച കാര്യങ്ങൾക്കായി സ്വാധീനിക്കുവാൻ ശ്രമിക്കുകയോ അതിന് മറ്റാരെയെങ്കിലും നിയോഗിക്കുകയോ ചെയ്യുന്നവർക്കും മേൽപ്പറഞ്ഞ ശിക്ഷ നൽകുന്നതാണ്.

**8)** പരീക്ഷയുടെ സെന്ററുകൾ മാറ്റിക്കിട്ടണമെന്നുള്ള അപേക്ഷകൾ സാധാരണഗതിയിൽ പരിഗണിക്കുന്നതല്ല. എന്നാൽ ട്രാൻസ്ഫർ/ട്രെയിനിംഗ് കാരണം പരീക്ഷാ സെന്റർ മാറ്റികിട്ടണമെന്ന് ആഗ്രഹിക്കുന്നവർ അഡ്മിഷൻ ടിക്കറ്റ് കിട്ടിയതിനു ശേഷം ബന്ധപ്പെട്ട ഉത്തരവ് സഹിതം പരീക്ഷ തുടങ്ങുന്നതിനു മുമ്പു തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഡിപ്പാർട്ട്മെന്റൽ പരീക്ഷാ വിഭാഗം ജോയിന്റ് സെക്രട്ടറിക്ക് അപേക്ഷിക്കേണ്ടതാണ്. കമ്മീഷന്റെ ആഫീസിൽ നിന്നും ലഭിക്കുന്ന രേഖാമൂലമായ അനുവാദം കൂടാതെ സെന്റർ മാറി പരീക്ഷയെഴുതുന്ന പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കപ്പെടുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തങ്ങളുടെ ഇഷ്ടപ്രകാരം പരീക്ഷാ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഒരു കാരണവശാലും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതല്ല. അർഹതാ നിർണ്ണയ പരീക്ഷാ സംബന്ധമായുള്ള എഴുത്തുകുത്തുകളെല്ലാം ജോയിന്റ് സെക്രട്ടറി (വകുപ്പുതല പരീക്ഷാ വിഭാഗം), കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം, പിൻകോഡ് 695 004 എന്ന വിലാസത്തിൽ ആയിരിക്കേണ്ടതാണ്.

**9)** താഴെ പറയുന്ന ന്യൂനതകളുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

1) നിർദ്ദേശപ്രകാരമല്ലാത്ത ഫോട്ടോയോടുകൂടിയ അപേക്ഷകൾ.
2) അപേക്ഷയിലും ഫോട്ടോയിലും സർട്ടിഫിക്കറ്റിലും ഉള്ള പേരിലുള്ള വ്യത്യാസം.

പ്രസ്തുത ന്യൂനതകൾ ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തുകയാണെങ്കിൽ അറിയിപ്പൊന്നും കൂടാതെ അപേക്ഷ നിരസിക്കുവാനും ഉത്തരക്കടലാസുകൾ അസാധുവാക്കുവാനും കമ്മീഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**10)** താഴെ പറയുന്ന ന്യൂനതകളുള്ള ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്.

1) അഡ്മിഷൻ ടിക്കറ്റിലെ സാക്ഷ്യപ്പെടുത്തലുകൾ യഥാവിധി നിർവ്വഹിക്കാതിരിക്കുക.
2) അഡ്മിഷൻ ടിക്കറ്റ് പ്രകാരം അനുവദിക്കാത്ത പരീക്ഷ എഴുതുക.
3) ഫോട്ടോ വ്യക്തമാകാത്ത അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കുക.

**11)** അർഹതാ നിർണ്ണയ പരീക്ഷകൾക്ക് ഓൺലൈനായി സമർപ്പിച്ച അപേക്ഷകളിൽ ആദ്യഘട്ട സൂക്ഷ്മ പരിശോധനയിൽ സാധുവായി കണ്ടെത്തുന്നവരെ മാത്രം സോപാധികമായി പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതാണ്. പരീക്ഷാസമയത്ത് ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന അഡ്മിഷൻ ടിക്കറ്റ് പരിശോധിച്ച ശേഷം ക്രമപ്രകാരം എന്ന് കണ്ടെത്തുന്നവരുടെ മാത്രം പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതാണ്.

**12)** അപേക്ഷകനെ സംബന്ധിക്കുന്ന വിവരങ്ങൾക്ക് തെളിവായി വകുപ്പു മേധാവി / ആഫീസ് മേധാവി നൽകുന്ന സാക്ഷ്യപത്രമാണ് സ്വീകരിക്കുന്നത്. എന്നാൽ തെറ്റായി സാക്ഷ്യപത്രം നൽകി പരീക്ഷ എഴുതി വിജയിച്ച ഉദ്യോഗാർത്ഥികളുടെ പരീക്ഷാഫലം മുൻകാലപ്രാബല്യത്തോടെ റദ്ദു ചെയ്യുന്നതിന് കമ്മീഷന് അധികാരം ഉണ്ടായിരിക്കും. ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർ ക്കെതിരെ കമ്മീഷന് യുക്തമെന്നു തോന്നുന്ന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനു പുറമെ, വകുപ്പുതല ശിക്ഷണ നടപടികൾക്ക് അതതു വകുപ്പുകളിലേയ്ക്ക് ശുപാർശ നൽകുന്നതുമായിരിക്കും.

**13)** അപേക്ഷകൾ വിജയകരമായി സമർപ്പിച്ചു (Successfully Uploaded/Received) എന്നതു കൊണ്ട് അപേക്ഷകൾ അന്തിമമായി സ്വീകരിക്കപ്പെട്ടു എന്ന് ധരിക്കേണ്ടതില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയതിന് ശേഷം മാത്രമേ അപേക്ഷകളുടെ സ്വീകാര്യത സംബന്ധിച്ച് അറിയുവാൻ സാധിക്കുകയുള്ളൂ. സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ പ്രൊഫൈലിൽ നിന്നും അഡ്മിഷൻ ടിക്കറ്റ് സ്വന്തമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**14)** പരീക്ഷയുടെ സിലബസ് ഉൾപ്പെടെയുള്ള മറ്റ് വിവരങ്ങൾ ടൈംടേബിളിനോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്.

**15)** അർഹതാ നിർണ്ണയ പരീക്ഷ പാസ്സായി Eligibiltiy List - ൽ ഉൾപ്പെട്ടു എന്നതിനാൽ മാത്രം പ്രൊമോഷൻ ലഭിക്കുന്നതല്ല. ബന്ധപ്പെട്ട വകുപ്പുകളിൽ ഉണ്ടാകുന്ന നിശ്ചിത ശതമാനം ഒഴിവുകളിലേയ്ക്ക് ടി തസ്തികയുടെ സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് യോഗ്യതകൾ കൂടി ഉള്ളപക്ഷം നിയമപ്രകാരം നിയമനാധികാരി പ്രൊമോഷൻ നൽകുന്നതാണ്.

**16) സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക**

**സർവ്വീസ് സർട്ടിഫിക്കറ്റ്**

1. ഉദ്യോഗാർത്ഥിയുടെ പേര് :
2. ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന തസ്തികയുടെ പേരും ശമ്പള സ്കെയിലും. :
3. ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിന്റെ പേര് :
4. ഉദ്യോഗാർത്ഥി ഏത് സർവ്വീസിൽപ്പെടുന്നു എന്ന് :
5. സർവ്വീസ് തുടങ്ങിയ തീയതിയും പ്രൊബേഷൻ ആരംഭിച്ച തീയതിയും. :
6. അപേക്ഷകൻ പ്രൊബേഷണറോ, അപ്രൂവ്.ഡ് പ്രൊബേഷണറോ, ഫുൾ മെമ്പറോ എന്ന് :
7. എസ്.സി. / എസ്.റ്റി. / ഒ.ബി.സി. എന്നിവരുടെ കാര്യത്തിൽ സമുദായം / മതം സർവ്വീസ് രേഖകളിൽ കാണും പ്രകാരം. :
8. സർവ്വീസ് വിശദാംശങ്ങൾ:

| ക്രമ | വഹിച്ച | കാലം | | ദൈർഘ്യം | | | പ്രൊബേഷൻ | |
|---|---|---|---|---|---|---|---|---|
| നമ്പർ | തസ്തിക | മുതൽ | വരെ | മാസം | ദിവസം | വർഷം | പ്രഖ്യാപിച്ച | തീയതി |
| | | | | | | | | |
| ആകെ സർവ്വീസ് | | | | | | | | |

(ശേഷം പേജ് 35ൽ)

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള വരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 24 - 9 - 2018, തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽ പ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 24 – 09 – 2018 അവസാന തീയതി: 24 – 10 – 2018 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മിഷൻെറ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതാണ്.**

**എഴുത്ത് / ഒ.എം.ആർ പരീക്ഷ നടത്തുന്ന പക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈലിൽ ലഭ്യമാക്കുന്നതും, ആയത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള തീയതി പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തുന്നതുമാണ്. ഈ തീയതി മുതൽ 15 ദിവസം വരെ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാം. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ: 123/2018
### അസിസ്റ്റന്റ് പ്രൊഫസർ ഇൻ പീഡിയാട്രിക്സ്
### മെഡിക്കൽ വിദ്യാഭ്യാസ സർവീസ്

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവീസ്
**2. ഉദ്യോഗപേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ പീഡിയാട്രിക്സ്
**3. ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്
**4. ഒഴിവുകളുടെ എണ്ണം** : 03 (മൂന്ന്)

ഈ ഉദ്യോഗത്തിന് നിയമിക്ക്പ്പെടുന്നവർ അവരുടെ (പരിശീലനകാലമുൾപ്പെടെ) ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനിടയിൽ നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : (21–46). ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്കം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സിൽ കവിയാൻ പാടില്ല. (വയസ്സിളവിനെ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)
**7. യോഗ്യതകൾ** : അസിസ്റ്റന്റ് പ്രൊഫസർ
(i) എം.ഡി (പീഡിയാട്രക്സ്)/ഡി.എൻ.ബി.(പീഡിയാട്രക്സ്)
(ii)മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.
(iii) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്:** 1) KS & SSR Part II Rule 10 (a)ii ബാധകമാണ്.
2) റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
3) ഡി.എൻ.ബി യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

മേൽപ്പറഞ്ഞിട്ടുള്ള യോഗ്യതയുള്ളവരുടെ അഭാവത്തിൽ
1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ് ബിരുദം.
2) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ) സ്ഥിരം രജിസ്ട്രേഷൻ എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ശമ്പള സ്കെയിലിൽ ലക്ചറർ തസ്തികയിലേക്ക് പരിഗണിക്കുന്നതാണ്.

**കുറിപ്പ്:** (i) KS & SSR പാർട്ട് II ലെ റൂൾ 10(a)ii ബാധകമാണ്.

### കാറ്റഗറി നമ്പർ: 124/2018
### വെൽഫയർ ഓഫീസർ ഗ്രേഡ് – 2
### ജയിൽ

**1 വകുപ്പ്** : ജയിൽ
**2 ഉദ്യോഗപ്പേര്** : വെൽഫയർ ഓഫീസർ ഗ്രേഡ്–2
**3 ശമ്പളം** : ₹ 39500–83000/
**4 ഒഴിവുകളുടെ എണ്ണം** : 1 ( ഒന്ന്)
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 01.01.2000 നും 02.01.1982 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).
**7. യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ സോഷ്യൽ വർക്കിൽ ലഭിച്ച ബിരുദം

**അല്ലെങ്കിൽ**

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഏതെങ്കിലും വിഷയത്തിൽ ലഭിച്ച ബിരുദവും, സോഷ്യൽ വർക്കിൽ ലഭിച്ച ബിരുദാനന്തര ബിരുദവും

**അല്ലെങ്കിൽ**

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ സോഷ്യൽ വർക്കിൽ ലഭിച്ച ബിരുദാനന്തര ബിരുദം

**കൂടാതെ**

മലയാളം എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്.

**കുറിപ്പ് :** 1. കെ.എസ്. & എസ്.എസ്.ആർ പാർട്ട് 2 റൂൾ 10(a)(ii) ഈ തസ്തികയ്ക്ക് ബാധകമാണ്.
2. ഭിന്നശേഷി വിഭാഗക്കാർ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

### കാറ്റഗറി നമ്പർ: 125/2018
### ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ
### വ്യവസായവും വാണിജ്യവും

**1 വകുപ്പ്** : വ്യവസായവും വാണിജ്യവും
**2 ഉദ്യോഗപ്പേര്** : ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ I
**3 ശമ്പളം** : ₹ 35,700–75,600
**4 ഒഴിവുകളുടെ എണ്ണം** : 03 (മൂന്ന്)
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
6. പ്രായം : 18–36. ഉദ്യോഗാർത്ഥികൾ 02.01.1982–നും 01.01.2000–നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).
**7. യോഗ്യതകൾ:** ഏതെങ്കിലും വിഷയത്തിലുള്ള എഞ്ചിനിയറിംഗ് ബിരുദം

**കുറിപ്പ്:–** KS & SSR Part II Rule 10 (a) (ii) ബാധകമാണ്.

**പരിശീലനം:–** തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത പരിശീലനത്തിന് വിധേയരാകേണ്ടതാണ്. 4½ (നാലര) മാസക്കാലം ദൈർഘ്യമുള്ള പരിശീലനം വ്യവസായ വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പരിശീലന കേന്ദ്രങ്ങളിൽ വച്ചായിരിക്കും നടത്തുക. പരിശീലന കേന്ദ്രങ്ങളിൽ പരിശീലനത്തിന് ഹാജരാകുന്ന തീയതിയോ, തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയോ ഏതാണോ ആദ്യം അന്നുമുതൽ അവർ ജോലിയിൽ പ്രവേശിച്ചതായി കണക്കാക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത ഫോറത്തിൽ ഒരു പ്രതിജ്ഞാപത്രം (ബോണ്ട്) എഴുതി അധികൃതരെ ഏൽപ്പിക്കേണ്ടതാണ്.

**പ്രൊബേഷൻ:–** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ അവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിൽ

ആയിരിക്കും.
**ടെസ്റ്റ്:–** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ അക്കൗണ്ട് ടെസ്റ്റ് (ലോവർ) നേരത്തെ പാസ്സായിട്ടില്ലെങ്കിൽ അത് പ്രൊബേഷൻ കാലയളവിൽ പാസാകേണ്ടതാണ്.

## കാറ്റഗറി നമ്പർ: 126/2018
## അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്–II
## തൊഴിൽ

**1. വകുപ്പ്** : തൊഴിൽ
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്–II
**3. ശമ്പളം** : ₹ 30,700–65,400/
**4. ഒഴിവുകളുടെ എണ്ണം** : 01
**5. നിയമനരീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 23–36, ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.1995 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)
**യോഗ്യതകൾ**: 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബി.എ, ബി.എസ്.സി. അല്ലെങ്കിൽ ബി.കോം. ബിരുദം.
2. കൊച്ചി സർവ്വകലാശാല നൽകുന്ന ഇൻഡസ്ട്രിയൽ നിയമത്തിലുള്ള ബിരുദം.

**അല്ലെങ്കിൽ**

ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലേബർ നിയമം ഐശ്ചിക വിഷയമായി നേടിയ എൽ.എൽ.ബി. ബിരുദം.

**അല്ലെങ്കിൽ**

ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലേബർ നിയമം ഐശ്ചിക വിഷയമായി നേടിയ എം.എസ്.ഡബ്ളിയു. ബിരുദാനന്തര ബിരുദം.

**അല്ലെങ്കിൽ**

പേഴ്സണൽ നേജ്മെൻറ് ആൻറ് ഇൻഡസ്ട്രിയൽ റിലേഷൻസിലുള്ള എം.എ. ബിരുദം.
**കുറിപ്പ്:** KS & SSR Part II Rule 10 (a) ii ബാധകമാണ്.
**8. പ്രൊബേഷൻ:** ഈ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നുവർഷത്തിനുള്ളിൽ രണ്ടുവർഷം പ്രൊബേഷനിലായിരിക്കും.
**9. പരിശീലനം:** നേരിട്ടുള്ള നിയമനം വഴി ജോലി ലഭിച്ച ഒരു അസിസ്റ്റൻറ് ലേബർ ഓഫീസർക്ക് ഡിപ്പാർട്ട്മെൻറിൽ പ്രവേശിച്ച തീയതി മുതൽ മൂന്നു മാസം വരെ ഒരു ഇൻ സർവ്വീസ് പരിശീലനം ഉണ്ടായിരിക്കും. ഈ പരിശീലന കാലയളവിലെ ആദ്യത്തെ മാസം ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലും രണ്ടാമത്തെ മാസം ഒരു അസിസ്റ്റൻറ് ലേബർ ഓഫീസർ ഗ്രേഡ് I ന്റെ കൂടെയും, മൂന്നാമത്തെ മാസം ഡയറക്ടറേറ്റിലും, അതായത്, ജോയിന്റ് ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)ന്റെ കൂടെയും എന്ന രീതിയിൽ ലേബർ കമ്മീഷണർ പരിശീലന പ്രോഗ്രാം ക്രമീകരിക്കുന്നതായിരിക്കും. പരിശീലന കാലയളവ് പ്രോബേഷൻ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിക്കുന്നതായിരിക്കും.

## കാറ്റഗറി നമ്പർ: 127/2018
## ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ്–II
## മെഡിക്കൽ വിദ്യാഭ്യാസം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ് II
**3. ശമ്പളം** : ₹ 22,200–48,000/
**4. ഒഴിവുകളുടെ എണ്ണം**: 12 (പന്ത്രണ്ട്)
**5. നിയമനരീതി** : നേരിട്ടുള്ള നിയമനം
**6. പ്രായം** : 18–36, ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)
**7. യോഗ്യതകൾ : 1. ജനറൽ:** ഒരു അംഗീകൃതസർവകലാശാലയിൽ നിന്നും പ്രീയൂണിവേഴ്സിറ്റി അല്ലെങ്കിൽ പ്രീ ഡിഗ്രി കോഴ്സ് പൂർത്തിയായിരിക്കണം. അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം.
**2. സങ്കേതികം**: (എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻസ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

**അല്ലെങ്കിൽ**

(ബി) ആർമി മെഡിക്കൽ കോർ നടത്തുന്ന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ അസിസ്റ്റന്റ് ക്ലാസ് 3ഉം 2ഉം കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയിരിക്കണം.
**കുറിപ്പ്:** 1. KS& SSR പാർട്ട് II റൂൾ 10 ( a) (ii) ബാധകമാണ്.

3/01/2003 ലെ സ.ഉ.(പി) നമ്പർ 1/13/SJD എന്ന ഉത്തരവ് അനുസിരിച്ച് 3% ഒഴിവുകൾ ഭിന്നശേഷി ഉള്ളവർക്കായി സംവരണം ചെയ്യുന്നതാണ്. (ചലന വൈകല്യം, സെറിബ്രൽ പാൾസി , കേൾവിക്കുറവ്)

## കാറ്റഗറി നമ്പർ: 128/2018
## ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ് II
## ആരോഗ്യം

**1 വകുപ്പ്** : ആരോഗ്യം
**2 ഉദ്യോഗപ്പേര്** : ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ്II
**3 ശമ്പളം** :₹19000 – 43600
**4 ഒഴിവുകളുടെ എണ്ണം** : 4 (നാല്)
**കുറിപ്പ്:–** 03.01.2013–ലെ G.O(P)No.01/13/SJD നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഈ തസ്തികയുടെ 3% (മൂന്ന് ശതമാനം) ഒഴിവുകൾ ചലന വൈകല്യമുള്ളവർ, സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു.
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : 18–36, ഉദ്യോഗാർത്ഥികൾ 02.01.1982–നും 01.01.2000–നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടിക ജാതി/ പട്ടിക വർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.
(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)
**7. യോഗ്യതകൾ** :1) എസ്.എസ്.എൽ.സി യോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം
2) ഇ.സി.ജി. യിലും ആഡിയോമെട്രിക് ടെക്നോളജിയിലും ഉള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ്.
**കുറിപ്പ്:–** കെ.എസ്. ആന്റ് എസ്.എസ്.ആർ. പാർട്ട് II റൂൾ 10(a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 129/2018
## ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (മീഡിയം / ഹെവി പാസഞ്ചർ / ഗുഡ്സ് വെഹിക്കിൾ) സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ /കോർപ്പറേഷനുകൾ/ബോർഡുകൾ

**1 സ്ഥാപനത്തിന്റെ പേര്** : സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ / കോർപ്പറേഷനുകൾ / ബോർഡുകൾ
**2 ഉദ്യോഗപ്പേര്** : ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (മീഡിയം / ഹെവി പാസഞ്ചർ / ഗുഡ്സ് വെഹിക്കിൾ)
**3 ശമ്പളം** : ഈ തസ്തികയ്ക്ക് അതാത് കമ്പനി / കോർപ്പറേഷൻ / ബോർഡ് നിശ്ചയിച്ചിട്ടുള്ള ശമ്പള നിരക്ക്
**4 ഒഴിവുകളുടെ എണ്ണം** : കണക്കാക്കപ്പെട്ടിട്ടില്ല
**കുറിപ്പ്:** i) വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് വിവിധ കമ്പനി/കോർപ്പറേഷൻ/ബോർഡുകളിൽ നിന്ന് അതാത് സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ശമ്പള നിരക്കിൽ ഇതേ തസ്തികയ്ക്ക് എഴുതി അറിയിക്കുന്ന ഒഴിവുകളിലേക്ക് ഒഴിവുകൾ കമ്മീഷന്റെ ഓഫീസിൽ കിട്ടുന്ന മുറയ്ക്ക് നിലവിലുള്ള സംവരണ വ്യവസ്ഥകൾക്ക് വിധേയമായി നിയമന ശുപാർശ നടത്തുന്നതാണ്. ഏതെങ്കിലും പ്രത്യേക കമ്പനിയോ കോർപ്പറേഷനോ ബോർഡോ ശമ്പളനിരക്കോ തെരഞ്ഞെടുക്കാനുള്ള അനുവാദം ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിരിക്കുന്നതല്ല.
ii) കമ്പനി/കോർപ്പറേഷൻ/ബോർഡുകളിലേക്ക് നിയമനത്തിനുള്ള ഏതു ശുപാർശയും പിന്നീട് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം
**6 പ്രായം** : 18–36.ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2000നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.
**കുറിപ്പ്** : വിവിധ തസ്തികകളിലേക്കുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വിട്ടിട്ടുള്ള കമ്പനി/കോർപ്പറേഷൻ/ബോർഡുകൾ എന്നിവയിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. ഇപ്രകാരം നിശ്ചിത പ്രായപരിധി കഴിഞ്ഞവരും ഏതെങ്കിലും കമ്പനി/കോർപ്പറേഷൻ/ബോർഡിലെ താൽക്കാലിക സർവ്വീസിന്റെ അടിസ്ഥാനത്തിൽ പ്രായപരിധിയിൽ ഇളവ് ലഭിച്ച് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ യോഗ്യത നേടിയവരുമായ ഉദ്യോഗാർത്ഥികളെ അവർ താൽക്കാലിക സേവനം അനുഷ്ഠിച്ചിരുന്ന അതേ കമ്പനി /കോർപ്പറേഷൻ/ബോർഡിലെ ഒഴിവുകൾക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ.
(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (I),(ii),(iv),(vi) & (xii) ഖണ്ഡിക നോക്കുക.)
**7. യോഗ്യതകൾ :** (1) ഏഴാം സ്റ്റാൻഡേർഡ് പാസ്സായിരിക്കണം. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത നേടിയിരിക്കണം.
(2) ലൈറ്റ് മോട്ടോർ വാഹനങ്ങളും ഹെവി മോട്ടോർ വാഹനങ്ങളും ഓടിക്കുന്നതിനുള്ള കറന്റ് മോട്ടോർ ഡ്രൈവിംഗ് ലൈസൻസും ഡ്രൈവേഴ്സ് ബാഡ്ജും ഉണ്ടായിരിക്കണം. ഹെവി മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസ് എടുത്തിട്ട് കുറഞ്ഞത് 3 വർഷം പൂർത്തിയായിരിക്കണം. 16–01–1979 നു ശേഷം ഡ്രൈവിംഗ് ലൈസൻസ് നേടിയ ഉദ്യോഗാർത്ഥികളുടെ ലൈസൻസിൽ ഹെവി ഡ്യൂട്ടി ഗുഡ്സ്, ഹെവി ഡ്യൂട്ടി പാസഞ്ചർ എന്നീ രണ്ടുതരം വാഹനങ്ങൾ ഓടിക്കുവാനുള്ള 'എൻഡോഴ്സ്മെന്റ്' പ്രത്യേകം ഉണ്ടായിരിക്കണം.
(3) മെഡിക്കൽ ഫിറ്റ്നസ് : ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള മെഡിക്കൽ ഫിറ്റ്നസ് ഉണ്ടായിരിക്കണം.
(എ) ചെവി : പരിപൂർണ്ണമായ ശ്രവണ ശേഷി ഉണ്ടായിരിക്കണം.

| | | |
|---|---|---|
| (ബി) കണ്ണ് : | ദൂരക്കാഴ്ച | സമീപക്കാഴ്ച |
| | 6/6 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർവിഷൻ | : സാധാരണമായിരിക്കണം | |
| മാലക്കണ്ണ് | : ഇല്ലാതിരിക്കണം. | |

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും അനായാസമായി ചലിപ്പിക്കാവുന്നതായിരിക്കണം .
(ഡി) നാഢീഘടന : പൂർണ്ണമായും സാധാരണ നിലയിലുള്ളതായിരിക്കണം. പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.
**കുറിപ്പ് :** (1) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്.
(2) ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാഗല്ഭ്യം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.
(3) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള കൃത്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി മെഡിക്കൽ ഫിറ്റ്നസ് തെളിയിക്കേണ്ടതാണ്. കാഴ്ചയെ സംബന്ധിച്ച് സർക്കാർ സർവ്വീസിലുള്ള ഓഫ്താൽമോളജിസ്റ്റിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റും നിശ്ചിത മാതൃകയിൽ വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്
(4)ഭിന്നശേഷിക്കാർ ഈ ജോലിക്ക് അപേക്ഷിക്കുവാൻ അർഹരല്ല.
(5) മേൽ തസ്തികയിലുള്ള ഉദ്യോഗസ്ഥർ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിക്ഷിപ്തമായ ചുമതല കൂടി നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്. എന്നാൽ നിലവിലെ ശബള സ്കെയിൽ മറ്റ് അലവൻസുകൾ എന്നിവയിൽ മാറ്റമൊന്നും ഉണ്ടായിരിക്കന്നതല്ല.
**കുറിപ്പ് :** കെ.എസ്.ആന്റ് എസ് .എസ്. ആർ പാർട്ട് II ലെ റൂൾ 10 (a) ii ബാധകമാണ്.
**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**
(a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (iii),(v),(vii),(viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5,5(a),6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

### കാറ്റഗറി നമ്പർ: 130/2018
### ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) (തസ്തികമാറ്റം വഴി)
### വിദ്യാഭ്യാസം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2.ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ് ) (തസ്തികമാറ്റം വഴി)

**3. ശമ്പളം** : ₹ 29200–62400 (പരിഷ്കരിച്ചത്)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| കൊല്ലം | 4 (നാല്) |
| കോഴിക്കോട് | 3 (മൂന്ന്) |
| കാസർഗോഡ് | കണക്കാക്കപ്പെട്ടിട്ടില്ല |

**കുറിപ്പ്:** (ii) തസ്തികമാറ്റം വഴി നിയമനത്തിനായി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (approved Probationer) ആളോ ആയിരിക്കണം.

(iv) ഈ വിജ്ഞാപനപ്രകാരം കൊല്ലം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ലയെങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(v) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16/3/1996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR–ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**5. നിയമന രീതി** : തസ്തികമാറ്റം വഴിയുള്ള നിയമനം.

**6. പ്രായം** : ബാധകമല്ല.

**7. യോഗ്യതകൾ** : (1) ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും ഉള്ള ബിരുദമോ ബിരുദാനന്തര ബിരുദമോ, (2) ഇംഗ്ലീഷ് ഐച്ഛിക വിഷയമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബി.എഡ്/ബി.റ്റി/എൽ.റ്റി ബിരുദം.

**കുറിപ്പ്** (i) ബിരുദത്തിന്/ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയവും ഏതു വിഷയത്തിലാണ് ബി.എഡ് ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

(ii) കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും ബി.എഡ്/ബി.റ്റി/എൽ.റ്റി ബിരുദം നേടിയവർ ആയത് ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയ്ക്കു തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

(3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

ii) പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിട്ടില്ലായെങ്കിലും 31.03.2019നുള്ളിൽ കെടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയ്ക്കു വിധേയമായി ഈ തസ്തികയിലേക്ക്അപേക്ഷിക്കാവുന്നതാണ് (സ.ഉ.(കൈ)നം. 134/2017/പൊ.വി.വ തീയതി 30.10.2017).

(4) അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം.

**കുറിപ്പ്:** KS & SSR Part II Rule 10 a (ii) ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

**കുറിപ്പ്:** മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലാധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

### കാറ്റഗറി നമ്പർ: 131/2018
### ഹൈസ്കൂൾ അസിസ്റ്റന്റ് (ഉറുദു)
### വിദ്യാഭ്യാസം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഹൈസ്കൂൾ അസിസ്റ്റന്റ് (ഉറുദു)

**3. ശമ്പളം** : ₹ 29200–62400/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ മലപ്പുറം – 05 (അഞ്ച്)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം മലപ്പുറം ജില്ലയിലേയ്ക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലിവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം വരുന്നത് അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള മലപ്പുറം ജില്ലയിലേയ്ക്കുമാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റംഅനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**കുറിപ്പ്:** 03.01.2013 ലെ സർക്കാർ ഉത്തരവ് നമ്പർ 1/13/SJD പ്രകാരം ഈ തസ്തികക്കുള്ള 3% ഒഴിവുകൾ യോഗ്യരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം :** 18–40. ഉദ്യോഗാർത്ഥികൾ 02/01/1978നും 01/01/2000നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :**

1. കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഉറുദു ഭാഷയിലുള്ള ബിരുദവും ബി.എഡ്/ബി.റ്റി/എൽ.റ്റിയും ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഉറുദു) പഠനത്തിലുള്ള ടൈറ്റിൽ (പ്രസ്തുത ടൈറ്റിൽ ബന്ധപ്പെട്ട ബിരുദത്തിന്റെ പാർട്ട് 3ന് തുല്യമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പക്ഷം) കൂടാതെ കേരളത്തിലെ പരീക്ഷാ കമ്മീഷണർ നൽകിയ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

2. കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ** : ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം

ii)ഉറുദു ഭാഷയിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് ട്രെയിനിംഗ് യോഗ്യതയുണ്ടെങ്കിൽ ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. [ജി.ഒ.(എം.എസ്) നമ്പർ 177/87/ജി.എഡ്യൂ. തീയതി 22/8/1987].

iii) ബി.എഡ് ബന്ധപ്പെട്ട ഭാഷയിൽ ആയിരിക്കണം.

**കുറിപ്പ്:** i)കെ.എസ് & എസ്. എസ്.ആർ പാർട്ട് II റൂൾ 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

ii) വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i)നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]

(ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞ പക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റൻഡർമാ

രെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനകാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ് മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ.(എം.എസ്) നം. 315/62 എഡ്യു. തീയതി 14.05.62)

(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27/05/1975), (ജി.ഒ (എം.എസ്.) 50/70/പി.ഡി തീയതി 12.02.1970)

(iv) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) 185/70/എഡ്യു. തീയതി 18.04.1970, ജി.ഒ.(എം.എസ്) 466/70/എഡ്യു തീയതി 11.11.1970]

**കുറിപ്പ് :** മേൽപ്രഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ: 132/2018
## സ്റ്റാഫ് നഴ്സ് ഗ്രേഡ് II
## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ്

| | | |
|---|---|---|
| **1. വകുപ്പ്** | : ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് | |
| **2. ഉദ്യോഗപ്പേര്** | : സ്റ്റാഫ് നഴ്സ് ഗ്രേഡ് II | |
| **3. ശമ്പളം** | : ₹ 26,500–56,700/ | |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ | |
| | തിരുവനന്തപുരം | 02 (രണ്ട്) |
| | ആലപ്പുഴ | 02 (രണ്ട്) |
| | കോട്ടയം | 02 (രണ്ട്) |
| | തൃശ്ശൂർ | 03 (മൂന്ന്) |
| | പാലക്കാട് | 02 (രണ്ട്) |
| | മലപ്പുറം | 01 (ഒന്ന്) |
| | കോഴിക്കോട് | 02 (രണ്ട്) |
| | വയനാട് | 01 (ഒന്ന്) |
| | കണ്ണൂർ | 02 (രണ്ട്) |

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലകളിലേയ്ക്ക് പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി 1 വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷ കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 4/61/പി.ഡിയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം.

**6. പ്രായം :** 18–44. ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും).

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത് )വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക.

**7. യോഗ്യതകൾ :** 1. എസ്.എസ്.എൽ.സി. അഥവാ തത്തുല്യ യോഗ്യത.

2. ജനറൽ സിക്ക് നഴ്സിംഗിൽ മൂന്ന് വർഷത്തിൽ കുറയാതെയുള്ള പരിശീലനം വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

3. ഉദ്യോഗാർത്ഥികൾ സ്ത്രീകളാണെങ്കിൽ കേരള സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും മിഡ് വൈഫറിയിൽ 9 (ഒമ്പത്) മാസത്തിൽ കുറയാതെയുള്ള പരിശീലനം വിജയകരമായി പൂർത്തിയാക്കിയിരിക്കണം. പുരുഷ ഉദ്യോഗാർത്ഥികൾ വെനീറോളജി, യൂറോളജി, സൈക്യാട്രി, ഓഫ്താൽമോളജി, എന്നീ നഴ്സിംഗ് വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ ഒരു പ്രധാന ആശുപത്രിയിൽ നടത്തപ്പെടുന്ന ഹ്രസ്വകാല കോഴ്സ് വിജയകരമായി പൂത്തിയാക്കിയിരിക്കണം.

**കുറിപ്പ്:** മിഡ് വൈഫറിയിൽ 6 മാസത്തിൽ കുറയാതെയുള്ള പരിശീലനം വിജയകരമായി പൂർത്തിയാക്കിയ സ്ത്രീകൾക്കും സംവരണതത്വങ്ങൾക്ക് വിധേയമായി നിയമനത്തിന് അർഹതയുണ്ടായിരിക്കും. മിഡ് വൈഫറിയിൽ 9 മാസത്തിൽ കുറയാത്ത പരിശീലനം വിജയകരമായി പൂർത്തിയാക്കിയ സ്ത്രീകൾക്ക് നേരിട്ടുള്ള നിയമനത്തിന് മുൻഗണന നൽകുന്നതാണ്.

4. ഉദ്യോഗാർത്ഥികൾ സ്ത്രീകളാണെങ്കിൽ കേരള നഴ്സ് ആന്റ് മിഡ് വൈഫ്സ് കൗൺസിലിൽ നഴ്സ് ആന്റ് മിഡ് വൈഫായും പുരുഷൻമാരാണെങ്കിൽ നഴ്സായും രജിസ്റ്റർ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റ്

**കുറിപ്പ് :** 1. മറ്റ് സംസ്ഥാനത്തിലോ സെൻട്രൽ നഴ്സ് ആന്റ് മിഡ് വൈഫ്സ് കൗൺസിലിലോ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കും ഈ തസ്തികയ്ക്ക് അപേക്ഷിക്കാം. എന്നാൽ അവർ കേരള സ്റ്റേറ്റ് ഗവൺമെന്റിന്റെ കീഴിൽ നിയമനം സ്വീകരിക്കുന്നതിനു മുൻപായി കേരളാ നഴ്സ് ആന്റ് മിഡ് വൈവ്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. ഭിന്നശേഷിക്കാർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

2. KS&SSR പാർട്ട് IIചട്ടം 10a(ii) ഈ തെരഞ്ഞെടുപ്പിന് ബാധകമായിരിക്കും.

## കാറ്റഗറി നമ്പർ: 133/2018
## ട്രേസർ
## മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്

| | | |
|---|---|---|
| **1. വകുപ്പ്** | : മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് | |
| **2. ഉദ്യോഗപ്പേര്** | : ട്രേസർ | |
| **3. ശമ്പളം** | : ₹ 19,000–43,600/ | |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ | |
| | തിരുവനന്തപുരം<br>ആലപ്പുഴ<br>കോട്ടയം<br>ഇടുക്കി<br>പാലക്കാട്<br>മലപ്പുറം<br>കണ്ണൂർ | 1 (ഒന്ന്) വീതം |

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലകളിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ജില്ലകളിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ജില്ലകളിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ.(എം.എസ്) 4/61/പി.ഡിയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) 03.01.2013 ലെ ജി.ഒ (പി) നമ്പർ 1/13/എസ്.ജെ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി തസ്തികയിലേക്കുള്ള ഒഴിവുകളുടെ 3% യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി (Hearing Impairment) സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം .

**6. പ്രായം** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2000നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും .

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക.

**7. യോഗ്യതകൾ :** 1) എസ്.എസ്.എൽ.സി. ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയുണ്ടായിരിക്കണം.

**കൂടാതെ**

2) താഴെ പറയുന്ന യോഗ്യതകളിൽ ഏതെങ്കിലും ഒന്നുകൂടി ഉണ്ടായിരിക്കണം .

എ) തൃശ്ശൂർ ഐ.റ്റി.സി (എം.റ്റി.ഐ)ൽ നിന്നും ലഭിച്ചിട്ടുള്ള ഡ്രാഫ്റ്റ്സ്മാൻ കോഴ്സിലുള്ള (മെക്കാനിക്കൽ) ഡിപ്ലോമ.

ബി) ഡ്രോയിംഗ് ഗ്രൂപ്പ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ അല്ലെങ്കിൽ എം.ജി.റ്റി.ഇ)

സി) ടി.ടി. സ്കീം അനുസരിച്ച് എഞ്ചിനീയറിംഗ് കോളേജിൽ നിന്നോ അല്ലെങ്കിൽ ഇന്ത്യാ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയം നടത്തുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിൽ (ITC) നിന്നോ പതിനെട്ട് മാസത്തെ കോഴ്സ് പൂർത്തിയാക്കിയശേഷം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ അല്ലെങ്കിൽ മെക്കാനിക്കൽ) ട്രെയിനികൾക്ക് ലഭിക്കുന്ന രണ്ടാം ഗ്രേഡ് സർട്ടിഫിക്കറ്റ്.

ഡി) ബിൽഡിംഗ് ഡ്രോയിംഗ് & എസ്റ്റിമേറ്റിംഗ് (ലോവർ) കെ.ജി.റ്റി.ഇ അല്ലെങ്കിൽ എം.ജി.റ്റി.ഇ ജയിച്ചിരിക്കണം . കൂടാതെ കെ.ജി.റ്റി.ഇ അല്ലെങ്കിൽ എം.ജി.റ്റി.ഇ ലെ ഏതെങ്കിലും രണ്ടു സിവിൽ എഞ്ചിനീയറിംഗ് വിഷയങ്ങളും ജയിച്ചിരിക്കണം.

ഇ) ഡ്രാഫ്റ്റ്സ്മാൻ (സിവിൽ അല്ലെങ്കിൽ മെക്കാനിക്കൽ) അല്ലെങ്കിൽ സർവ്വേ ട്രേഡിലുള്ള ഐ.റ്റി.ഐ സർട്ടിഫിക്കറ്റ്.

എഫ്) കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിച്ച അഗ്രികൾച്ചറൽ ആന്റ് റൂറൽ എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമ.

**കുറിപ്പ് :** കെ.എസ് ആന്റ് എസ്.എസ്.ആർ പാർട്ട് കകറൂൾ 10 മ (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

# സ്പെഷ്യൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

## കാറ്റഗറി നമ്പർ: 134/2018
## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II
## വിവിധ വകുപ്പുകൾ
### (പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം)

| | | |
|---|---|---|
| **1 വകുപ്പ്** | : വിവിധ വകുപ്പുകൾ | |
| **2 ഉദ്യോഗപ്പേര്** | : കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II (പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം) | |
| **3 ശമ്പളം** | : ₹ 20000–45800 | |
| **4 ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ | |
| | തിരുവനന്തപുരം | 1 (ഒന്ന്) (പട്ടികവർഗ്ഗം) |

**കുറിപ്പ്:(i)** മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാ

ണ്. ഈ വിജ്ഞാപനപ്രകാരം മേൽ പറഞ്ഞ ജില്ലയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതായിരിക്കും. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ G-O- (M-S-)- No. 4/61/PD യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(iii) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27/05/1971ലെ ജി.ഒ. (എം.എസ്) 154/71/പി.ഡി. യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–41. ഉദ്യോഗാർത്ഥികൾ 02.01.1977 നും 01.01.2000 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ** : 1. പ്ലസ് ടു പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2. ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത. (2002 ജനുവരി മാസത്തിനുമുമ്പ് ടൈപ്പ്റൈറ്റിംഗ് കെ.ജി.റ്റി.ഇ പരീക്ഷ പാസായിട്ടുള്ള ഉദ്യോഗാർത്ഥികൾ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് അല്ലെങ്കിൽ തത്തുല്യമായ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ, സൊസൈറ്റികളോ, സർവ്വകലാശാലകളോ, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിൽ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത കാലാവധിയുള്ള കോഴ്സിനെത്തുടർന്ന് നൽകുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗിന് തത്തുല്യ യോഗ്യതയായി പരിഗണിക്കുകയുള്ളൂ).

3. മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

4. ഇംഗ്ലീഷ് ഷോർട്ട്ഹാന്റ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

5. മലയാളം ഷോർട്ട്ഹാന്റ് ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യ യോഗ്യത (G.O (Ms) No.21/2011/P&ARD dated 01.07.2011). മേൽപ്പറഞ്ഞ സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകളും ഐ.എം.സി സർട്ടിഫിക്കറ്റുകളും സ്വീകാര്യമല്ല.

**കുറിപ്പ് 1.** യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

2 സ്വീകാര്യമായ അപേക്ഷകൾ സമർപ്പിക്കുന്നവർക്കുവേണ്ടി ഒരു ഡിക്റ്റേഷൻ പരീക്ഷ നടത്തുന്നതാണ്. മിനിട്ടിൽ 80 (എൺപത്) വാക്കുവീതം 5മിനിട്ടുകൊണ്ട് 400(നാനൂറ്) വാക്ക് അടങ്ങിയ ഒരു ഇംഗ്ലീഷ് ഗദ്യഭാഗം വായിച്ചുതരുന്നത് അപേക്ഷകർ ഷോർട്ട്ഹാൻഡിൽ എഴുതി എടുക്കേണ്ടതാണ്. പിന്നീട് ഒരു മണിക്കൂർ കൊണ്ട് അതിനെ ലോംഗ്ഹാൻഡിൽ (മഷി ഉപയോഗിച്ച്) എഴുതണം. പരീക്ഷ നടത്തുന്ന സ്ഥലം, തീയതി എന്നിവ പിന്നീട് അറിയിക്കുന്നതാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)

## കാറ്റഗറി നമ്പർ: 135/2018 – 141/2018
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ അനാട്ടമി
## മെഡിക്കൽ വിദ്യാഭ്യാസം

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ അനാട്ടമി (എൻ.സി.എ പട്ടികജാതി, മുസ്ലീം, വിശ്വകർമ്മ, എസ്.ഐ.യു.സി.നാടാർ, പട്ടികവർഗ്ഗം, ഒ.എക്സ്, ധീവര)

**3. ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്

**4. ഒഴിവുകളുടെ എണ്ണം** : 09

135/2018 പട്ടികജാതി01 (ഒന്ന്)
136/2018 മുസ്ലീം02 (രണ്ട്)
137/2018 വിശ്വകർമ്മ 01 (ഒന്ന്)
138/2018 എസ്.ഐ.യു.സി. നാടാർ 01 (ഒന്ന്)
139/2018 പട്ടികവർഗ്ഗം 02(രണ്ട്),
140/2018 ഒ.എക്സ് 01 (ഒന്ന്)
141/2018 ധീവര 01 (ഒന്ന്)

മുകളിൽ 4ാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1 | 09/08/17 | 153/2015 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (പട്ടികജാതി, മുസ്ലീം, വിശ്വകർമ്മ, എസ്.ഐ.യു.സി.നാടാർ, പട്ടികവർഗ്ഗം, ഒ.എക്സ്, ധീവര വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യാഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 21–49, പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉദ്യാഗാർത്ഥികൾ 02.01.1969നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ)

21–50, പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ 02.01.1968നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ)

ഉയർന്ന പ്രായപരിധിയിലുള്ള ഇളവ് പ്രായപൂർത്തിയായ ശേഷം പട്ടികജാതിയിൽ നിന്നും ഏതുമതത്തിലേയ്ക്കും പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ലഭിക്കുന്നതാണ്. എന്നാൽ ഉയർന്ന പ്രായപരിധി യാതൊരുകാരണവശാലും 50 (അമ്പത്) വയസ്സിൽ കവിയാൻ പാടില്ല.

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; (ഖണ്ഡിക 2(i) ഒഴികെ)

**7 യോഗ്യതകൾ** : I. എം.ഡി. (അനാട്ടമി) /എം.എസ്.(അനാട്ടമി)/ഡി.എൻ.ബി. (അനാട്ടമി)

II. മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.

III. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഇനിപ്പറയുന്ന യോഗ്യതയുള്ളവരെ (യു.ജി.സി.മാനദണ്ഡങ്ങൾക്കനുസരിച്ച്) ലക്ചറർ ആയി നിയമിക്കുന്നതിന് പരിഗണിക്കുന്നതാണ്.

1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ്. ബിരുദം.

2. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ് :** (i) കെ.എസ്. & എസ്. എസ്. ആർ പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠന കാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

3) ഡി.എൻ.ബി. യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽകോളേജിൽ നിന്നും നേടിയതായിരിക്കണം.

4) ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നില്ല.

5) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ടേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടേയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

6) ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാല മുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

## കാറ്റഗറി നമ്പർ: 142/2018 – 145/2018
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി
## (എൻ.സി.എ. എൽ.സി./എ.ഐ., ഒ.ബി.സി., എസ്.സി., മുസ്ലീം)
## മെഡിക്കൽ വിദ്യാഭ്യാസം

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി (എൻ.സി.എ. എൽ.സി./എ.ഐ., ഒ.ബി.സി., എസ്.സി., മുസ്ലീം)

**3. ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്

**4. ഒഴിവുകളുടെ എണ്ണം** :
142/2018 എൽ.സി./എ.ഐ 01 (ഒന്ന്)
143/2018 ഒ.ബി.സി. 01 (ഒന്ന്)
144/2018 എസ്.സി. 01 (ഒന്ന്)
145/2018 മുസ്ലീം 01 (ഒന്ന്)

മുകളിൽ 4–ാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1 | 09/08/17 | 154/2015 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.
(മുകളിൽ കാണിച്ചിട്ടുള്ള സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യാഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : (1) 21–49: മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1969 നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

(2) 21–50: പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ 02.01.1968 നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ്** : പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; (ഖണ്ഡിക 2(i) ഒഴികെ)

**7 യോഗ്യതകൾ** : I. എം.ഡി. (ബയോകെമിസ്ട്രി)/ഡി.എൻ.ബി. (ബയോകെമിസ്ട്രി)

II. മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.

III.സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഇനി പറയുന്ന യോഗ്യതയുള്ളവരെ ലക്ചറർ (ശമ്പളം : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്) ആയി നിയമിക്കുന്നതിന് പരിഗണിക്കുന്നതാണ്.

I. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ്. ബിരുദം.

II. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്** : (i) ഡി.എൻ.ബി. യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

(ii) റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠന കാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(iii) അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ തസ്തികകൾക്കുള്ള മേൽപ്പറഞ്ഞ യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയിലോ അതിന് മുമ്പോ നേടിയതായിരിക്കണം.

(iv) ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നില്ല.

(v) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ടേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടേയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

(vi) ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാല മുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

(vii) കെ.എസ്. & എസ്. എസ്. ആർ പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 146/2018 –147/2018
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫോറൻസിക്ക് മെഡിസിൻ
## മെഡിക്കൽ വിദ്യാഭ്യാസം

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫോറൻസിക്ക് മെഡിസിൻ (എൻ.സി.എ ഹിന്ദു നാടാർ, വിശ്വകർമ്മ)

**3. ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്

**4. ഒഴിവുകളുടെ എണ്ണം** : 146/2018 ഹിന്ദു നാടാർ 01 (ഒന്ന്)
147/2018 വിശ്വകർമ്മ 01 (ഒന്ന്)

മുകളിൽ 4–ാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1 | 09/08/17 | 156/2015 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.

(ഹിന്ദു നാടാർ, വിശ്വകർമ്മ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–49 ഉദ്യോഗാർത്ഥികൾ 02.01.1969നും 01.01.1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; (ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ** : I.എം.ഡി. (ഫോറൻസിക്ക് മെഡിസിൻ/ഡി.എൻ.ബി. (ഫോറൻസിക്ക് മെഡിസിൻ)

II. മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.

III. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഇനിപ്പറയുന്ന യോഗ്യതയുള്ളവരെ യു.ജി.സി.മാനദണ്ഡങ്ങൾക്കനുസരിച്ച് ലക്ചറർ ആയി നിയമിക്കുന്നതിന് പരിഗണിക്കുന്നതാണ്.

1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ്. ബിരുദം.

2. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ് :** (I) ഡി.എൻ.ബി. യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

(ii) റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠന കാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(iii) അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ തസ്തികകൾക്കുള്ള മേൽപ്പറഞ്ഞ യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയിലോ അതിന് മുമ്പോ നേടിയതായിരിക്കണം.

(iv) ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നില്ല.

(v) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ടേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടേയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പു വരുത്തേണ്ടതാണ്.

(vi) ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാല മുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

(vii) കെ.എസ്. & എസ്. എസ്. ആർ പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 148/2018
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ മൈക്രോബയോളജി
## മെഡിക്കൽ വിദ്യാഭ്യാസം

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ മൈക്രോബയോളജി

**3. ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്

**4. ഒഴിവുകളുടെ എണ്ണം** : എസ്.ടി. 01 (ഒന്ന്)

മുകളിൽ 4-ാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1 | 09/08/17 | 157/2015 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.

(എസ്.ടി.വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 21–50 ഉദ്യോഗാർത്ഥികൾ 02.01.1968നും01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; (ഖണ്ഡിക 2(i) ഒഴികെ)

**7 യോഗ്യതകൾ** : I. എം.ഡി. (മൈക്രോബയോളജി./എം.ഡി. ബാക്ടീരിയോളജി)

ഡി.എൻ.ബി. (മൈക്രോബയോളജി/ബാക്ടീരിയോളജി)

II മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.

III. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഇനിപ്പറയുന്ന യോഗ്യതയുള്ളവരെ യു.ജി.സി.മാനദണ്ഡങ്ങൾക്കനുസരിച്ച് ലക്ചറർ ആയി നിയമിക്കുന്നതിന് പരിഗണിക്കുന്നതാണ്.

1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി. ബി.എസ്. ബിരുദം.

2. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്:** ഡി.എൻ.ബി. യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

(ii) റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠന കാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(iii) അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ തസ്തികകൾക്കുള്ള മേൽപ്പറഞ്ഞ യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയിലോ അതിന് മുമ്പോ നേടിയതായിരിക്കണം.

(iv) ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നില്ല.

(v) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ടേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടേയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

(vi) ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാല മുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

(vii) കെ.എസ്. & എസ്. എസ്. ആർ പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 149/2018
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ പെരിയോഡോൺടിക്സ്
## കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവ്വീസ്

### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവ്വീസ്

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ പെരിയോഡോൺടിക്സ്

**3 ശമ്പളം** : യു.ജി.സി മാനദണ്ഡങ്ങളനുസരിച്ച്

**4 ഒഴിവുകളുടെ എണ്ണം** : ലത്തീൻ കത്തോലിക്കർ/ആംഗ്ലോ ഇൻഡ്യൻ1 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ്, ഈ തസ്തികയുടെ 27.09.2017 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ: 158/16) കാലയളവിൽ എൽ.സി/എ.ഐ സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്കും, ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തു

ന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (എൽ.സി/എ.ഐ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം)
**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷകൾ സമർപ്പിക്കുന്ന പക്ഷം അവരുടെ അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.
**6 പ്രായം** : 24–44. ഉദ്യോഗാർത്ഥികൾ 02.01.1974 നും 01.01.1994 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ)
വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ.
**7. യോഗ്യതകൾ** : അസിസ്റ്റൻറ് പ്രൊഫസർ
1 ഡെന്റൽ കൌൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള ഏതെങ്കിലുമൊരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും പെരിയോഡോൺടിക്സ് വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം (എം.ഡി.എസ് ഇൻ പെരിയോഡോൺടിക്സ്)
2 സംസ്ഥാന ഡെൻറൽ കൌൺസിലിലുള്ള സ്ഥിരം രജിസ്ട്രേഷൻ.
3 മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയം.
**കുറിപ്പ്:** (I) റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠന കാലയളവ് അസിസ്റ്റൻറ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
KS & SSR Part II se Rule 10 (a) ii ബാധകമാണ്.
മേൽപ്പറഞ്ഞിട്ടുള്ള യോഗ്യതയുള്ളവരുടെ അഭാവത്തിൽ അടിസ്ഥാന ബിരുദം (ബി.ഡി.എസ്) യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ യൂ.ജി.സി മാനദണ്ഡങ്ങളനുസരിച്ചുള്ള ശമ്പള നിരക്കിൽ ലക്ചറർ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.
1) അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബി.ഡി.എസ് ബിരുദം.
2) സംസ്ഥാന ഡെൻറൽ കൌൺസിലിലുള്ള സ്ഥിരം രജിസ്ട്രേഷൻ.
3) ഹൗസ് സർജനായോ ഡെൻറൽ സർജനായോ ആശുപത്രിയിൽ നിന്നും നേടിയ ആറു മാസത്തെ പരിചയം.
കുറിപ്പ്: 1) കെ.എസ്. & എസ്.എസ്.ആർ പാർട്ട് ii റൂൾ 10 (a)ii ബാധകമാണ്.
2) ഒരു മെഡിക്കൽ കൗൺസിൻേറയും തൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

## കാറ്റഗറി നമ്പർ: 150/2018
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫാർമക്കോളജി
## മെഡിക്കൽ വിദ്യാഭ്യാസം

**ഒന്നാം എൻ.സി.എ. വിജ്ഞാപനം**

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്:** അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫാർമക്കോളജി
**3. ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്
**4. ഒഴിവുകളുടെ എണ്ണം** : എസ്.സി. 01 (ഒന്ന്)
മുകളിൽ 4–ാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതി നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേയ്ക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1 | 09.08.2017 | 159/15 |

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (എസ്.സി. വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.
**പ്രായം** : 21–50, ഉദ്യോഗാർത്ഥികൾ 02.01.1968.നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
കുറിപ്പ്:– പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക) ഖണ്ഡിക 2(i) ഒഴികെ.
**7. യോഗ്യതകൾ:** I എം.ഡി. (ഫാർമക്കോളജി)/ഡി.എൻ.ബി. (ഫാർമക്കോളജി)
II മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.
III സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.
മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഇനി പറയുന്ന യോഗ്യതയുള്ളവരെ യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് ലക്ചറർ ആയി നിയമിക്കുന്നതിന് പരിഗണിക്കുന്നതാണ്.
1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ് ബിരുദം
2) സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ
**കുറിപ്പ്** (i) ഡി.എൻ.ബി.യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.
(ii) റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
(iii) അസിസ്റ്റന്റ് പ്രൊഫസർ /ലക്ചറർ തസ്തികകൾക്കുള്ള മേൽപ്പറഞ്ഞ യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയിലോ അതിനു മുമ്പോ നേടിയതായിരിക്കണം.
(iv) ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.
(v)ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടെയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.
(vi) ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.
(vii) കെ.എസ്. & എസ്.എസ്.ആർ പാർട്ട് ii റൂൾ 10 (a)ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 151/2018 – 152/2018
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിയോളജി
## മെഡിക്കൽ വിദ്യാഭ്യാസം

**ഒന്നാം എൻ.സി.എ. വിജ്ഞാപനം**

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിയോളജി (എൻ.സി.എ എസ്.സി, എൽ.സി/എ. ഐ)
**3. ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്
**4. ഒഴിവുകളുടെ എണ്ണം** : 151/2018 എസ്.സി.02 (രണ്ട്)
152/2018 എൽ.സി/എ.ഐ 01 (ഒന്ന്)
മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 09.08.2017 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ.160/15) കാലയളവിൽ മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.
**5 നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടികജാതി, ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇന്ത്യൻ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.
**6 പ്രായം** : (1) 21–49, പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1969നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)
(2) 21–50, പട്ടികജാതി/ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ 02.01.1968നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) ഉൾപ്പെടെ)
**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; (ഖണ്ഡിക 2(i) ഒഴികെ)
**7 യോഗ്യതകൾ** : അസിസ്റ്റന്റ് പ്രൊഫസർ
I. എം.ഡി. (ഫിസിയോളജി.)/ഡി.എൻ.ബി. (ഫിസിയോളജി)
II. മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.
III. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.
മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഇനിപ്പറയുന്ന യോഗ്യതയുള്ളവരെ യു.ജി.സി.മാനദണ്ഡങ്ങൾക്കനുസരിച്ച് ലക്ചറർ ആയി നിയമിക്കുന്നതിന് പരിഗണിക്കുന്നതാണ്.
1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ്. ബിരുദം.
2. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ സ്ഥിരം രജിസ്ട്രേഷൻ.
**കുറിപ്പ്** : 1) ഡി.എൻ.ബി. യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.
2) റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടി ഉദ്യോഗാർത്ഥി കളുടെ പഠന കാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തി നായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
3) അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ തസ്തികകൾക്കുള്ള മേൽപ്പറഞ്ഞ യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയിലോ അതിന് മുമ്പോ നേടിയതായിരിക്കണം.
4) ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നില്ല.
5) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടേയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.
6) ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10 വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാല മുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.
(vii) കെ.എസ്. & എസ്.എസ്.ആർ പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 153/2018
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ അനസ്തേഷ്യ
## (എൻ.സി.എ ഹിന്ദു നാടാർ)
## മെഡിക്കൽ വിദ്യാഭ്യാസം

**ഒന്നാം എൻ.സി.എ. വിജ്ഞാപനം**

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ അനസ്തേഷ്യ (എൻ.സി.എ ഹിന്ദു നാടാർ )
**3. ശമ്പളം** : ₹15,600 –39,100/ with grade pay of 7,000/
**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
മുകളിൽ 4–ാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1 | 17.04.2018 | 276/16 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (ഹിന്ദു നാടാർ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു

കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 21–49 ഉദ്യോഗാർത്ഥികൾ 02.01.1969നും 01.01.1997 നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരി ക്കണം. [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക2(i) ഉൾപ്പെടെ]

**കുറിപ്പ് :** പ്രായപരിധി സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; (ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ** : I. ബന്ധപ്പെട്ട വിഷയത്തിൽ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നു നേടിയിട്ടുള്ള ബിരുദനന്തര ബിരുദം (എം.ഡി./ എം.എസ്./ ഡി.എൻ.ബി.)

II. മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയമോ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മറ്റ് അദ്ധ്യാപന പരിചയമോ നേടിയിരിക്കണം.

III. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

മേൽപ്രറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവ ത്തിൽ ഇനിപ്പറയുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ₹15,600 – 39,100/ with grade pay of ₹5,400/ ശമ്പള സ്കെയിലിൽ ലക്ചറർ ആയി നിയമിക്കുന്നതിന് പരിഗണിക്കുന്നതാണ്.

1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ്. ബിരുദം.

2. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ് :** (i) കെ.എസ്. & എസ്. എസ്. ആർ പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

(ii)റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേ ടിയ ഉദ്യോഗാർത്ഥികളുടെ പഠന കാലയളവ് അസിസ്റ്റന്റ് പ്രൊ ഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരി ചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അ ദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബി രുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജ രാക്കേണ്ടതാണ്.

(iii) ഡി.എൻ.ബി. യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽകോളേജിൽ നിന്നും നേടിയതായിരിക്കണം.

(iv) ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നില്ല.

(v) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പ ത്രങ്ങളുടേയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടു ത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോ ഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

(vi) ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആ ദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീല നകാല മുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധ സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാ ണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

## കാറ്റഗറി നമ്പർ: 154/2018
## ലക്ചറർ ഇൻ മാത്തമാറ്റിക്സ്
## കോളേജ് വിദ്യാഭ്യാസം

**രണ്ടാം എൻ.സി.എ. വിജ്ഞാപനം**

**1 വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ മാത്തമാറ്റിക്സ്
**3 ശമ്പളം** : യു.ജി.സി നിരക്കിൽ
**4 ഒഴിവുകളുടെ എണ്ണം** : എസ് ടി – ഒന്ന് (1)

മേൽപ്രറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയുടെ 30.12.2016 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനു വേ ണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തി ലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വ രുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമന വും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാ ണ്. ഈ തസ്തികയ്ക്ക് ഒന്നാം എൻ.സി.എ വിജ്ഞാപനപ്ര കാരം (ഗസറ്റ് തീയതി: 30.08.2017, കാറ്റഗറി നമ്പർ: 351/2017) ടി സമുദായത്തിൽപ്പെട്ട അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാ ത്തതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**കുറിപ്പ്:** പട്ടികവർഗ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥി കൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.അങ്ങ നെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്ര ത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : (i) 22–45. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01. 1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതിക ളും ഉൾപ്പെടെ). വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥ കൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i) ഒഴികെയുള്ളവ)

**7. യോഗ്യതകൾ:** 1) അൻപത് ശതമാനം (50%) മാർക്കിൽ കു റയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരു ദാനന്തരബിരുദം അല്ലെങ്കിൽ ഇതിന്റെ തത്തുല്യ യോഗ്യത ഉ ണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സം സ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതി നായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായി രിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥി കൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** (i) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സിയുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സാ യിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (P) No.86/07/H.Edn dated 19.06.2007).

(iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർ വ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കു കയുള്ളൂ.

(iv)KS&SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 155/2018
## ജൂനിയർ കൺസൾട്ടന്റ്(ജനറൽ സർജറി)
## ആരോഗ്യം

**ഒന്നാം എൻ.സി.എ. വിജ്ഞാപനം**

**1 വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി)
**3. ശമ്പളം** : ₹45,800–89,000/
**4. ഒഴിവുകളുടെ എണ്ണം** : എസ്.ഐ. യു.സി. നാടാർ 01 (ഒന്ന്)

**കുറിപ്പ്:** (1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവി ലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാ ങ്കപ്പട്ടിക ഈ തസ്തികയുടെ 09.08.2017 തീയതിയിൽ നിലവിൽ വന്ന റാങ്കപ്പട്ടികയുടെ (കാറ്റഗറി നമ്പർ:482/2015 ഗസറ്റ് തീയ തി:29.12.2015) കാലയളവിൽ എസ്.ഐ.യു.സി. നാടാർ സംവര ണ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ യും നിയമനവും നടക്കുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായി രിക്കുന്നതാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം.(എസ്.ഐ.യു.സി. നാടാർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** എസ്.ഐ.യു.സി. നാടാർ വിഭാഗത്തിൽപ്പെടാത്ത ഉ ദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്ന താണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യ ക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6 പ്രായം** : 18–45; ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.2000 നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾ പ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക2(i) ഉൾപ്പെടെ]

**കുറിപ്പ്:** വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; (ഖണ്ഡിക 2(i) ഒഴികെ)

**7 യോഗ്യതകൾ** :

1. മോഡേൺ മെഡിസിനിലുള്ള ബിരുദം(എം.ബി.ബി.എസ്) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2. ജനറൽ സർജറിയിൽ നേടിയ ബിരുദാനന്തര ബിരുദം/ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**അല്ലെങ്കിൽ**

ജനറൽ സർജറിയിൽ ഡിപ്ലോമാറ്റ് ഇൻ നാഷണൽ ബോർഡ് യോഗ്യത.

**കുറിപ്പ്** I :- KS &SSR Part II Rule 10(a)(ii) ബാധകമാണ്.

**കുറിപ്പ്** II : ബിരുദാനന്തര ബിരുദം അല്ലെങ്കിൽ സൂപ്പർ സ്പെ ഷ്യാലിറ്റി ഡിഗ്രി ഉള്ള ഉദ്യോഗാർത്ഥികൾക്ക് പോസ്റ്റ് ഗ്രാജു വേറ്റ് ഡിപ്ലോമയുള്ളവരേക്കാൾ മുൻഗണന നൽകുന്നതാണ്. (മറ്റ് കാര്യങ്ങൾ തുല്യമാണെങ്കിൽ)

**കുറിപ്പ്** III : ബിരുദം/ബിരുദാനന്തര ഡിപ്ലോമ/ബിരുദാനന്തര ബിരുദം/ സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി എന്നിവ അംഗീകാര മുള്ള യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയതോ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയുടെ അംഗീകാരം ഉള്ളതോ ആയിരിക്കണം. മെഡിക്കൽ ബിരുദാനന്തര ബിരുദം /ഡിപ്ലോമ, തത്തുല്യ യോഗ്യതകൾ എന്നിവ മെഡിക്കൽ കൗ ൺസിൽ അംഗീകാരം ഉള്ളവയും ഡി.എൻ.ബി. യോഗ്യത നാ ഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നൽകിയതും ആ യിരിക്കണം. നോൺ മെഡിക്കൽ ഡിഗ്രി/ഡിപ്ലോമ എന്നിവ എതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നോ സ്ഥാ പനങ്ങളിൽ നിന്നോ നേടിയതായിരിക്കണം.

2. തത്തുല്യ യോഗ്യതകൾ എന്നത് (ഡി.എൻ.ബി ഒഴികെയു ള്ളവ) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തത്തുല്യമെന്ന് അം ഗീകരിച്ചതായിരിക്കണം.

3. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ സാധു തയുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

## കാറ്റഗറി നമ്പർ: 156/2018
## ലക്ചറർ ഇൻ ഡാൻസ് (കേരള നടനം)
## കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ)

**രണ്ടാം എൻ.സി.എ. വിജ്ഞാപനം**

**1. വകുപ്പ്** : കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ)
**2. ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ഡാൻസ് (കേരള നടനം )
**3. ശമ്പളം** : ₹39500–79200
**4 ഒഴിവുകളുടെ എണ്ണം** : മുസ്ലിം 01 (ഒന്ന്)

Note:- i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

ii) മാത്തമാറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ് ബിരുദാനന്തര ബിരുദം നേടിയവരെയും ബന്ധപ്പെട്ട വിഷയത്തിൽത്തന്നെ B.Ed/BT ബിരുദമുള്ള പക്ഷം ഈ തസ്തികയിലേക്ക് പരിഗണിക്കുന്നതാണ്.

iii) റൂറൽ ഉന്നത വിദ്യാഭ്യാസ നാഷണൽ കൗൺസിൽ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

iv) NCERT യുടെ മൈസൂറിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നടത്തുന്ന ഫിസിക്സ് കെമിസ്ട്രി ഗണിതശാസ്ത്രം സ്ട്രീമിലെ B.Sc Ed യോഗ്യത നേടിയവർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (GO (P) No 117/13/G Edn dtd 30.3.2013).

v) ബിരുദത്തിന്/ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയവും ഏതു വിഷയത്തിലാണ് ബി.എഡ്/ബി.റ്റി ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

vi) ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് തമിഴിൽ വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതും ആയത് ഇന്റർവ്യൂ സമയത്ത് പരിശോധിക്കുന്നതുമാണ്. എഴുത്ത് പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് തമിഴിൽ ആയിരിക്കും. ഉത്തരങ്ങളും തമിഴിൽ തന്നെ എഴുതേണ്ടതാണ്. ഒ.എം.ആർ ഉത്തരകടലാസ് സംബന്ധിച്ച് ഉത്തരങ്ങൾ എഴുതുന്നതിനുപകരം നിർദ്ദേശിക്കുന്ന പ്രകാരം അടയാളപ്പെടുത്തേണ്ടതാണ്.

vii) കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും ബി.എഡ്/ബി.റ്റി ബിരുദം നേടിയവർ ആയത് ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള ട്രെയിനിംഗ് യോഗ്യതയ്ക്കു തുല്യമായി അംഗീകരിച്ച ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

NB: KS & SSR ലെ part II റൂൾ 10 (a) ii ഈ തസ്തികയ്ക്ക് ബാധകമായിരിക്കും.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975).

(iii) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) 185/70/എഡ്യു. തീയതി 18.04.1970, ജി.ഒ.(എം.എസ്) 466/70/എഡ്യു തീയതി 11.11.1970]

**കുറിപ്പ്:** മേൽപ്രറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ (ഖണ്ഡിക 2(i)ഒഴികെ) പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ: 173/2018 – 180/2018
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)
## വിദ്യാഭ്യാസം

**ഒന്നാം എൻ.സി.എ. വിജ്ഞാപനം**

**1. വകുപ്പ്** : വിദ്യാഭ്യാസം
2. ഉദ്യോഗപ്പേര് : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)
**3. ശമ്പളം** : ₹ 25200–54000/
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | | |
|---|---|---|
| പട്ടികജാതി | 173/2018 | പാലക്കാട് –1 (ഒന്ന്)<br>കോഴിക്കോട് –4 (നാല്)<br>വയനാട് – 3 (മൂന്ന്)<br>കണ്ണൂർ –1 (ഒന്ന്) |
| പട്ടികവർഗ്ഗം | 174/2018 | കൊല്ലം –1 (ഒന്ന്)<br>മലപ്പുറം – 5 (അഞ്ച്)<br>കണ്ണൂർ – 1 (ഒന്ന്) |
| ഹിന്ദു നാടാർ | 175/2018 | വയനാട് – 1 (ഒന്ന്) |
| ഈഴവ/തിയ്യ/ബില്ലവ | 176/2018 | കൊല്ലം – 2 (രണ്ട്)<br>കോഴിക്കോട് – 5 (അഞ്ച്) |
| ഒ.ബി.സി | 177/2018 | കൊല്ലം – 1 (ഒന്ന്)<br>മലപ്പുറം – 5 (അഞ്ച്)<br>കോഴിക്കോട് – 2 (രണ്ട്)<br>കണ്ണൂർ – 1 (ഒന്ന്) |
| വിശ്വകർമ്മ | 178/2018 | പാലക്കാട് – 1 (ഒന്ന്)<br>കോഴിക്കോട് – 2 (രണ്ട്)<br>വയനാട് – 1 (ഒന്ന്)<br>കണ്ണൂർ – 1 (ഒന്ന്) |
| എൽ.സി./എ.ഐ | 179/2018 | കൊല്ലം – 1 (ഒന്ന്)<br>കോഴിക്കോട് – 2 (രണ്ട്)<br>വയനാട് – 1 (ഒന്ന്)<br>കണ്ണൂർ– 1 (ഒന്ന്) |
| എസ്ഐയുസി നാടാർ | 180/2018 | കോഴിക്കോട് – 1 (ഒന്ന്)<br>മലപ്പുറം – 1 (ഒന്ന്) |

(ശേഷം പേജ് 29ൽ)

# ഗാന്ധിജിയും കേരളവും

**1869 ഒക്ടോബർ രണ്ടിന് ഗുജറാത്തിലെ പോർബന്തറിലാണ് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ജനിച്ചത്. ഗാന്ധിജി അഞ്ചുപ്രാവശ്യം കേരളം സന്ദർശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സാന്നിധ്യം മലയാള സാഹിത്യത്തിലും സാമൂഹിക ജീവിതത്തിലും അടയാളപ്പെടുത്തിയിട്ടുണ്ട്. ഒരു ഗാന്ധിജയന്തികൂടി കടന്നുപോകുന്ന വേളയിൽ ആ യുഗപുരുഷന്റെ ദീപ്തസ്മരണകളിലൂടെ ........**

**ആർസി സുരേഷ്കുമാർ**



മഹാത്മാഗാന്ധിയുടെ കാലത്ത് 'കേരള സംസ്ഥാനം' ഇല്ല; തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നുഭാഗങ്ങളായിരുന്നു അന്ന് കേരളം. ഗാന്ധിജി അഞ്ചുപ്രാവശ്യം മലയാളക്കര സന്ദർശിച്ചിട്ടുണ്ട്. സംസ്ഥാനചരിത്രത്തിലെ നിർണായക സംഭവവികാസങ്ങൾ നടന്ന സമയങ്ങളിലാണ് അദ്ദേഹം നമ്മുടെ നാട്ടിലെത്തിയത്. എന്നാൽ, മഹാത്മാഗാന്ധി ദേശീയ പ്രസ്ഥാനത്തിൽ പ്രവേശിക്കുംമുമ്പുതന്നെ 'സ്വദേശാഭിമാനി' കെ രാമകൃഷ്ണപിള്ള രചിച്ച 'മോഹൻദാസ് ഗാന്ധി' എന്ന ജീവചരിത്രഗ്രന്ഥത്തിലൂടെ മലയാളികൾക്ക് അദ്ദേഹം പരിചിതനായിക്കഴിഞ്ഞിരുന്നു(1913). ഇന്ത്യയിൽ ഏതെങ്കിലുമൊരു പ്രാദേശിക ഭാഷയിൽ രചിക്കപ്പെട്ട ഗാന്ധിജിയുടെ ആദ്യജീവചരിത്രഗ്രന്ഥമായിരുന്നു അത്.

ഗാന്ധിജി ആദ്യമായി കേരളത്തിലെത്തിയത് 1920 ആഗസ്ത് 18 നാണ്.അദ്ദേഹം പങ്കെടുത്ത ഒരു യോഗത്തിന് ആതിഥേയത്വം പകരാൻ അവസരം ലഭിച്ച കേരളത്തിലെ ആദ്യ പട്ടണം കോഴിക്കോടാണ്. കോൺഗ്രസ് ബ്രിട്ടീഷുകാർക്കെതിരെ ആരംഭിച്ച നിസ്സഹകരണ പ്രസ്ഥാനത്തിന്റെ പ്രചാരണാർത്ഥമാണ് അദ്ദേഹം കോഴിക്കോട്ടെത്തിയത്. ഗാന്ധിജിക്കൊപ്പം ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാവ് മൗലാനാ ഷൗക്കത്തലിയും ഉണ്ടായിരുന്നു. മുസ്ലിങ്ങളുടെ ആത്മീയ നേതാവ് (ഖലീഫ) തുർക്കി സുൽത്താനോട് ഒന്നാം ലോകയുദ്ധാനന്തരം ബ്രിട്ടീഷുകാർ സ്വീകരിച്ച മോശമായ നിലപാടാണ് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ രൂപവൽക്കരണത്തിന് കാരണമായത്. ഖിലാഫത്ത് പ്രസ്ഥാനത്തെ അനുകൂലിക്കുന്ന നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചത്. മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാർ ജില്ലയുടെ ആസ്ഥാനമായിരുന്നു അക്കാലത്ത് കോഴിക്കോട് . അവിടെ കടപ്പുറത്ത് നടന്ന ഇരുപതിനായിരത്തിൽപരം പേർ പങ്കെടുത്ത പൊതുയോഗത്തിൽ ഗാന്ധിജി സംസാരിച്ചു. മലബാറിലെ പ്രമുഖ കോൺഗ്രസ് നേതാവ് കെ.മാധവൻ നായരാണ് പ്രസംഗം മലയാളത്തിലേക്ക് തത്സമയം തർജമ ചെയ്തത്. ഖിലാഫത്ത് പ്രക്ഷോഭണത്തിനും നിസ്സഹകരണ പ്രസ്ഥാനത്തിനും, മുസ്ലിങ്ങളുടെ അംഗസംഖ്യ കൂടുതലുണ്ടായിരുന്ന മലബാറിൽ വമ്പിച്ച പ്രചാരമാണ് നേടാൻ കഴിഞ്ഞത്.

അയിത്തത്തിനെതിരെ ഇന്ത്യയിൽത്തന്നെ നടന്ന ആദ്യത്തെ സംഘടിത സമരമായ വൈക്കം സത്യഗ്രഹത്തോടനുബന്ധിച്ചായിരുന്നു ഗാന്ധിജിയുടെ രണ്ടാമത്തെ കേരളസന്ദർശനം. കോട്ടയം ജില്ലയിലെ വൈക്കം മഹാദേവർ ക്ഷേത്രമായിരുന്നു സമരവേദി. 1924 മാർച്ച് 30–ന് ആരംഭിച്ച സമരം 603 ദിവസം നീണ്ടുനിന്നു. ഗാന്ധിജിയുടെ നിർദേശപ്രകാരമാണ് വൈക്കം സത്യാഗ്രഹകാലത്ത് മന്നത്ത് പദ്മനാഭന്റെ നേതൃത്വത്തിൽ വൈക്കത്തുനിന്നും, എം.ഇ.നായിഡുവിന്റെ നേതൃത്വത്തിൽ നാഗർകോവിലിൽനിന്നും തിരുവനന്തപുരത്തേക്ക് സവർണജാഥകൾ സംഘടിപ്പിച്ചത്. 1924 നവംബർ 12ന് ഇരുജാഥകളും തിരുവനന്തപുരത്തുവച്ച് ഒന്നുചേർന്നു. തുടർന്ന് ശംഖുമുഖം കടപ്പുറത്ത് മഹാസമ്മേളനം നടന്നു. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ നേതൃത്വത്തിൽ മന്നവും നായിഡുവും ഉൾപ്പെട്ട ഒരു ഡപ്യൂട്ടേഷൻ 28000–നുമേൽ സവർണർ ഒപ്പിട്ട മെമ്മോറിയൽ പതിമൂന്നാം തീയതി പൂജപ്പുര കൊട്ടാരത്തിലെത്തി റീജന്റ് മഹാറാണി സേതുലക്ഷ്മീഭായിക്ക് സമർപ്പിച്ചു.

## ഒറ്റനോട്ടത്തിൽ

**മഹാത്മാ ഗാന്ധി**

| | | |
|---|---|---|
| പിതാവ് | : | കരംചന്ദ് ഗാന്ധി |
| മാതാവ് | : | പുത്‌ലി ഭായി |
| ഭാര്യ | : | കസ്തൂർബ |
| ഭാര്യാപിതാവ് | : | ഗോകുൽദാസ് മക്കൻജി |
| മൂത്തമകൻ | : | ഹരിലാൽ ഗാന്ധി |
| രാഷ്ട്രീയ ഗുരു | : | ഗോപാലകൃഷ്ണ ഗോഖലെ |
| രാഷ്ട്രീയ പിൻഗാമി | : | ജവാഹർലാൽ നെഹ്രു |
| ആത്മീയ പിൻഗാമി | : | വിനോബ ഭാവെ |

1925 മാർച്ച് എട്ടിന് ചെന്നൈയിൽനിന്ന് ട്രെയിൻമാർഗം ഷൊർണൂർ വഴി ഗാന്ധിജി കൊച്ചിയിലെത്തി. അവിടെനിന്ന് പിറ്റേദിവസം ബോട്ടിൽ വൈക്കത്ത് എത്തി. തിരുവിതാംകൂർ പൊലീസ് കമ്മീഷണർ പിറ്റുമായി ചർച്ച ചെയ്ത് അദ്ദേഹം ഒത്തുതീർപ്പ് ഫോർമുല തയ്യാറാക്കി. തിരുവനന്തപുരത്തെത്തിയ ഗാന്ധിജി റീജന്റ് റാണി സേതുലക്ഷ്മിഭായിയെ കണ്ട് ചർച്ച നടത്തുകയുണ്ടായി. തുടർന്ന് ഗാന്ധിജി വർക്കല ശിവഗിരിയിലെത്തി ശ്രീനാരായണ ഗുരുവിനെ കണ്ടു. ആ സമയത്ത് ഗാന്ധിജിക്കൊപ്പം സി.രാജഗോപാലാചാരിയും മഹാദേവ് ദേശായിയും ഉണ്ടായിരുന്നു. ഗുരുദേവ ഭക്തനായ എ.കെ.ഗോവിന്ദദാസിന്റെ വക വനജാക്ഷിമന്ദിരത്തിലാണ് മഹദ് വ്യക്തികൾ സംഗമിച്ചത്. കോട്ടയം ജില്ലാ ജഡ്ജ് എൻ.കുമാരനാണ് ഗാന്ധിജിയും ശ്രീനാരായണഗുരുവും തമ്മിലുള്ള സംഭാഷണം പരിഭാഷപ്പെടുത്തിയത്. 1925 മാർച്ച് 19 വരെ ഗാന്ധിജിയുടെ കേരള സന്ദർശനം നീണ്ടുനിന്നു. അധികകാലം കഴിയുംമുമ്പുതന്നെ വൈക്കം ക്ഷേത്രത്തിലേക്കുള്ള റോഡുകൾ ജാതിവ്യത്യാസമെന്യേ എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കുകയും അവർണർക്ക് പ്രവേശനമില്ല എന്നെഴുതിയിരുന്ന ബോർഡുകൾ എടുത്തുമാറ്റുകയും ചെയ്തു.

ദക്ഷിണേന്ത്യൻ പര്യടനത്തിന്റെ ഭാഗമായി 1927 ഒക്ടോബർ ഒമ്പത് മുതൽ 25 വരെയായിരുന്നു ഗാന്ധിജിയുടെ മൂന്നാമത്തെ കേരള സന്ദർശനം. വൈക്കത്തുണ്ടാക്കിയ ഒത്തുതീർപ്പ് അവർണർക്ക് പ്രവേശനം നിഷേധിച്ചിരുന്ന മറ്റു ക്ഷേത്രനടകളിലേക്കുള്ള റോഡുകളിൽ ബാധകമല്ലായിരുന്നു. അതുകൊണ്ട് അമ്പലപ്പുഴ, തിരുവാർപ്പ്, ശുചീന്ദ്രം മുതലായ സ്ഥലങ്ങളിലും സത്യഗ്രഹം നടന്നു. ഒക്ടോബർ ഒമ്പതിന് നാഗർകോവിൽ വഴി തിരുവനന്തപുരത്തെത്തിയ ഗാന്ധിജി റീജന്റ് മഹാറാണിയെ സന്ദർശിച്ചു. ദിവാൻ എം.ഇ. വാട്സുമായി അദ്ദേഹം ക്ഷേത്രപ്രവേശനവിഷയം ചർച്ച ചെയ്തു. പുത്തൻകച്ചേരി മൈതാനത്തിൽ (ഇപ്പോൾ സെക്രട്ടേറിയറ്റിന് പുറകിലുള്ള സെൻട്രൽ സ്റ്റേഡിയം) ചേർന്ന പൊതുയോഗത്തിൽ ഗാന്ധിജി സംബന്ധിച്ചു.

1934 ജനുവരി 10 മുതൽ 22 വരെയായിരുന്നു ഗാന്ധിജിയുടെ നാലാം വരവ്. ഹരിജനോദ്ധാരണത്തിന് ഫണ്ട് പിരിക്കലും അതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കലുമായിരുന്നു സന്ദർശനോദ്ദേശ്യം. തല

ശേരി, വടകര, കോഴിക്കോട്, കൽപറ്റ, മാഹി, ഒലവക്കോട്, ഒറ്റപ്പാലം, ചെർപ്പുളശേരി, കൊയിലാണ്ടി, ഗുരുവായൂർ, തൃശൂർ, എറണാകുളം, കോട്ടയം, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിരവധി പൊതുയോഗങ്ങളിൽ ഗാന്ധിജി പങ്കെടുത്തു. ഈ സന്ദർശനത്തിലാണ് വടകരയിൽവെച്ച് കൗമുദി എന്ന പെൺകുട്ടി തന്റെ ആഭരണങ്ങളെല്ലാം സംഭാവനയായി ഗാന്ധിജിക്ക് നൽകിയത്. തുടർന്ന് അദ്ദേഹം ജനുവരി 22ന് കന്യാകുമാരിയിലേക്ക് പോയി.

ഗാന്ധിജിയുടെ ഒടുവിലത്തെ കേരളസന്ദർശനം തിരുവിതാംകൂർ സർക്കാർ സമസ്ത ക്ഷേത്രങ്ങളിലും എല്ലാ ഹിന്ദുക്കൾക്കും അനുവാദം നൽകിക്കൊണ്ട് നടത്തിയ 1936 നവംബർ 12–ലെ ക്ഷേത്രപ്രവേശന വിളംബരത്തിന്റെ പശ്ചാത്തലത്തിലായിരുന്നു. 'ആധുനിക കാലത്തെ അത്ഭുതസംഭവം', 'ജനങ്ങളുടെ ആധ്യാത്മിക വിമോചനത്തിന്റെ അധികാരരേഖയായ സ്മൃതി' എന്നിങ്ങനെയാണ് ഗാന്ധിജി തന്നെയും ദേശീയ പ്രസ്ഥാനത്തിന്റെ ഇതര സാരഥികളെയും ഏറെ ആഹ്ലാദിപ്പിച്ച വിളംബരത്തെ വിശേഷിപ്പിച്ചത്. തിരുവനന്തപുരത്ത് ചേർന്ന പൊതുയോഗത്തിൽ അയിത്തോച്ചാടനപ്രവർത്തനത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞ ഗാന്ധിജി ജാതിവ്യവസ്ഥ മാറ്റേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് വിശദീകരിച്ചു. ശ്രീപത്മനാഭസ്വാമിക്ഷേത്രവും അദ്ദേഹം സന്ദർശിച്ചു. തെക്കൻ തിരുവിതാംകൂറിലെ വെങ്ങാനൂർ, ബാലരാമപുരം, നെയ്യാറ്റിൻകര, തിരുവട്ടാർ, പത്മനാഭപുരം, നാഗർകോവിൽ എന്നിവിടങ്ങളിലെ ഗാന്ധിജി ഹരിജൻകേന്ദ്രങ്ങൾ അദ്ദേഹം സന്ദർശിച്ചു. ഈ യാത്രയിൽ വർക്കല, കൊല്ലം, കൊട്ടാരക്കര, വൈക്കം എന്നീ സ്ഥലങ്ങളും സന്ദർശിച്ചു. ഒരു തീർഥാടനം എന്ന് ഗാന്ധിജി വിശേഷിപ്പിച്ച ഈ യാത്ര 1937 ജനുവരി 12 മുതൽ 21 വരെ നീണ്ടുനിന്നു. ഈ സന്ദർശനവേളയിലാണ് അദ്ദേഹത്തെ അയ്യങ്കാളി കണ്ടത്.

തിരുവിതാംകൂറിലെ രാഷ്ട്രീയപ്രക്ഷോഭങ്ങളുടെ പിതാവ് എന്നറിയപ്പെടുന്ന ബാരിസ്റ്റർ ജി.പി. പിള്ളയെക്കുറിച്ച് ഗാന്ധിജി തന്റെ ആത്മകഥയായ എന്റെ സത്യാന്വേഷണ പരീക്ഷണങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. മഹാത്മജിയുടെ ആത്മകഥയിൽ പരാമർശിക്കുന്ന ഏക മലയാളിയാണദ്ദേഹം. മദ്രാസ് സ്റ്റാൻഡേർഡ് എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപർ എന്ന നിലയിൽ ജി.പി. നൽകിയ സഹായത്തെക്കുറിച്ചാണ് ഗാന്ധിജി അനുസ്മരിച്ചിട്ടുള്ളത്. ഗാന്ധിജിയുടെ പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുള്ള മലയാളിയാണ് ജോർജ് ജോസഫ്. ഗാന്ധിജിയുടെ ഇടപെടൽമൂലം വധശിക്ഷയിൽ നിന്ന് ഒഴിവാക്കപ്പെട്ട കേരളത്തിലെ നേതാവാണ് കെ.പി.ആർ.ഗോപാലൻ.

കേരളത്തിലെ നായാടികൾ എന്ന ആദിവാസി വിഭാഗത്തെക്കുറിച്ച് ഗാന്ധിജി യങ് ഇന്ത്യയിൽ ലേഖനം എഴുതിയിട്ടുണ്ട്. കേരളത്തിന്റെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ജിഹ്വയായി മഹാത്മാഗാന്ധിയുടെ 'യങ് ഇന്ത്യ'യുടെ മാതൃകയിൽ മലയാളത്തിൽ ആരംഭിച്ച പത്രമാണ് മാതൃഭൂമി. 1923 മാർച്ച് 18ന് കോഴിക്കോട്ടുനിന്നാണ് മാതൃഭൂമി ത്രൈവാരികയായി ആരംഭിച്ചത് (ഗാന്ധിജിയെ അറസ്റ്റ് ചെയ്തതിന്റെ ഒന്നാം വാർഷികമായിരുന്നു ആ ദിനം). ബിർളാ ഹൗസിൽനിന്ന് ശേഖരിച്ച ഗാന്ധിജിയുടെ രക്തംപുരണ്ട മണ്ണ് കോഴിക്കോട് മാതൃഭൂമി ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

ജോർജ് ഇരുമ്പയമാണ് ഗാന്ധിജിയുടെ ആത്മകഥ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത്. വള്ളത്തോൾ നാരായണമേനോൻ ഗാന്ധിജിയെക്കുറിച്ച് രചിച്ച കവിതയാണ് എന്റെ ഗുരുനാഥൻ. 'ലോകമേ തറവാട് തനിക്കീ പുൽച്ചെടികളും....' എന്നു തുടങ്ങുന്ന ഈ പദ്യത്തിൽ ക്രിസ്തുവിന്റെ പരിത്യാഗശീലവും കൃഷ്ണന്റെ ധർമരക്ഷോപായവും ബുദ്ധന്റെ അഹിംസയും ശങ്കരാചാര്യരുടെ ബുദ്ധിശക്തിയും രന്തിദേവന്റെ ദയാവായ്പും ഹരിശ്ചന്ദ്രന്റെ സത്യവും പ്രവാചകൻ മുഹമ്മദിന്റെ സ്ഥൈര്യവും സംഗമിക്കുന്ന വ്യക്തിത്വമായിട്ടാണ് ഗാന്ധിജിയെ വള്ളത്തോൾ കാണുന്നത്. ഗാന്ധിജി അന്തരിച്ചപ്പോൾ മനം നൊന്ത് വള്ളത്തോൾ രചിച്ച കാവ്യമാണ് ബാപ്പുജി. കോൺഗ്രസ് അധ്യക്ഷനായ ആദ്യ മലയാളിയായ സി.ശങ്കരൻ നായരാണ് ഗാന്ധിജിയും അരാജകത്വും എന്ന പുസ്തകത്തിന്റെ കർത്താവ്. എൻ.വി. കൃഷ്ണവാര്യർ ഗാന്ധിജിയും ഗോഡ്സെയും എന്ന കവിത രചിച്ചു. മഹാത്മാവിന്റെ മാർഗം എഴുതിയത് സുകുമാർ അഴീക്കോടാണ്.

1930–ലെ ഗാന്ധിജിയുടെ ഉപ്പുസത്യാഗ്രഹജാഥയിൽ കൃഷ്ണൻനായർ, ശങ്കർജി, ടൈറ്റസ്, രാഘവപ്പൊതുവാൾ തുടങ്ങിയവർ മലയാളക്കരയുടെ സാന്നിധ്യമറിയിച്ച് പങ്കെടുത്തിരുന്നു. ഗാന്ധിയൻ ആശയാഭിമുഖ്യം കെ.കേളപ്പനെ കേരള ഗാന്ധിയും ഐ.കെ.കുമാരൻ മാസ്റ്ററെ മയ്യഴി ഗാന്ധിയും സി.കൃഷ്ണൻ നായരെ ഡൽഹി ഗാന്ധിയുമാക്കി. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരമാണ് കെ.കേളപ്പൻ ഗുരുവായൂർ സത്യാഗ്രഹകാലത്ത് ഉപവാസ സമരത്തിൽനിന്ന് പിൻവാങ്ങിയത്. മരണാനന്തരം ഗാന്ധിജിയുടെ ചിതാഭസ്മത്തിൽ ഒരു ഭാഗം കേരളത്തിലേക്കും കൊണ്ടുവന്നു. മലബാറിന് ലഭിച്ച ഭാഗം കെ. കേളപ്പന്റെയും കെ.എ.ദാമോദരമേനോന്റെയും നേതൃത്വത്തിൽ തിരുനാവായയിൽ നിമജ്ജനം ചെയ്തു. തിരുവിതാംകൂറിലേക്ക് കൊണ്ടുവന്ന ഭാഗം കന്യാകുമാരിയിലാണ് 1948 ഫെബ്രുവരി 12–ന് നിമജ്ജനം ചെയ്തത്. അവിടെ നിമജ്ജനത്തിനുമുമ്പ് ചിതാഭസ്മകലശം പൊതുദർശനത്തിനായി സൂക്ഷിച്ചിരുന്ന സ്ഥലത്ത് ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബർ രണ്ടിന് മുകൾഭാഗത്തെ ഒരു ദ്വാരത്തിലൂടെ സൂര്യപ്രകാശം നേരിട്ട് പതിക്കുന്ന രീതിയിലാണ് ഗാന്ധി മണ്ഡപം നിർമിച്ചിരിക്കുന്നത്. മഹാത്മാഗാന്ധി ജീവിച്ചിരുന്ന വർഷങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട് 79 അടി ഉയരത്തിൽ തിരുകൊച്ചി സർക്കാരാണ് 1956–ൽ പൂർത്തിയായ ഗാന്ധി മണ്ഡപം നിർമിച്ചത്. ജെ.സി.അലക്സാണ്ടരാണ് നിർമാണത്തിന് മേൽനോട്ടം വഹിച്ചത്. സംസ്ഥാന പുന:സംഘടനയോടെ കന്യാകുമാരി ജില്ല തമിഴ്നാട്ടിൽ ചേർത്തതോടെ ഗാന്ധി മെമ്മോറിയൽ കേരളത്തിന് നഷ്ടമായി.

രാഷ്ട്രപിതാവിന്റെ സ്മരണാർഥം നാമകരണം ചെയ്യപ്പെട്ട കേരളത്തിലെ സർവകലാശാലയാണ് കോട്ടയത്തെ അതിരമ്പുഴയിലെ പ്രിയദർശിനി ഹിൽസ് ആസ്ഥാനമായുള്ള മഹാത്മാഗാന്ധി സർവകലാശാല (ആദ്യകാല നാമം ഗാന്ധിജി സർവകലാശാല).

ഇന്ത്യയിലെ നിത്യഹരിത നഗരം എന്ന് ഗാന്ധിജി വിശേഷിപ്പിച്ച തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്തുള്ള ഗാന്ധി പാർക്ക് രാഷ്ട്രപിതാവിനെ അനുസ്മരിപ്പിക്കുന്നു. നഗരത്തിന്റെ മാറിലൂടെ മഹാത്മാഗാന്ധി റോഡും കടന്നുപോകുന്നു. തമ്പാനൂർ റെയിൽവേ സ്റ്റേഷൻ മന്ദിരത്തിൽ ഗാന്ധിജി അവിടെ വന്നിറങ്ങിയ തീയതി രേഖപ്പെടുത്തിയ ഒരു ഫലകം കാണാൻ സാധിക്കും. നിയമസഭാ മന്ദിരത്തിനുമുന്നിൽ മഹാത്മാഗാന്ധിയുടെ ഒരു പ്രതിമയുണ്ട്. ജനാധിപത്യഇന്ത്യയുടെ പ്രവാചകന്റെ സ്മരണയെ കുടിയിരുത്താൻ അതിലും മികച്ച ഒരു സ്ഥലം മലയാളക്കരയിലില്ലല്ലോ.

## മൊഴിമുത്തുകൾ

എന്റെ ഭാഷ മനസ്സിലാകുന്നില്ലെന്ന് അദ്ദേഹം പറയുന്നു, എനിക്ക് അപരിചിതമായ ഭാഷയിലാണ് അദ്ദേഹം സംസാരിക്കുന്നതും. അത് സത്യമാകാം, അല്ലായിരിക്കാം. പക്ഷേ, ഹൃദയത്തിന്റെ ഐക്യത്തിന് ഭാഷ തടസ്സമല്ല. എനിക്കറിയാം, ഞാൻ പോയാൽ അദ്ദേഹം എന്റെ ഭാഷ സംസാരിക്കും (He says he does not understand my language, and that he speaks a language foreign to me. This may or may not be true. But language is no bar to a union of hearts. And I know this that when I am gone he will speak my language.)

*–തന്റെ രാഷ്ട്രീയ പിൻഗാമി നെഹ്രുവായിരിക്കും എന്നു സൂചിപ്പിച്ചുകൊണ്ട് ഗാന്ധിജി 1940 കളിൽ നടത്തിയ പരാമർശം*

തകർന്നുകൊണ്ടിരിക്കുന്ന ബാങ്കിൽനിന്നുള്ള പിൻതീയതിയിട്ട ചെക്ക് (It is a post dated cheque on a crashing bank.)

*– ക്രിപ്സ് മിഷനെക്കുറിച്ച് 1942–ൽ നടത്തിയ പരാമർശം*

അധികാരത്തിനെതിരെ കരുതിയിരിക്കുക, അത് ദുഷിപ്പിക്കും ( Power corrupts. Do not let yourselves be entrapped by its pomp and pageantry. Remember you are in office to serve the poor in India s villages. )

*– (സ്വാതന്ത്ര്യ ലബ്ധിയുടെ സമയത്ത് തന്നെ സന്ദർശിച്ച് ആശിർവാദം വാങ്ങാനെത്തിയ നേതാക്കൾക്ക് നൽകിയ ഉപദേശം)*

ഞാൻ അപ്പം ചോദിച്ചു, കിട്ടിയത് കല്ലാണ് ("On bended knees I asked for bread and I have received stone instead")

*(ഉപ്പുസത്യാഗ്രഹത്തിനു മുന്നോടിയായി ഗാന്ധിജി വൈസ്രോയി ഇർവിൻ പ്രഭുവിന്കത്തെഴുതിയെങ്കിലും അനുകൂല സമീപനം ഉണ്ടായില്ല. ആ അവസരത്തിൽ പറഞ്ഞ വാക്കുകളാണിത്).*

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക (Do or Die)

– മഹാത്മാ ഗാന്ധി (1942–ൽ ക്വിറ്റിന്ത്യാ സമരകാലത്ത് യൂസഫ് മെഹ്റലിയാണ് ഈ മുദ്രാവാക്യം ഗാന്ധിജിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചത്. 1928–ൽ സൈമൺ ഗോ ബാക്ക് എന്ന മുദ്രാവാക്യം ആവിഷ്കരിച്ചതും മെഹ്റലിയാണ്. )

എന്റെ ജീവിതമാണ് എന്റെ സന്ദേശം (My message is my life )

അനുകരണമാണ് ഏറ്റവും ആത്മാർത്ഥമായ മുഖസ്തുതി (Imitation is the sincerest flattery.)

'ഒന്നുകിൽ ഞാൻ ലക്ഷ്യം നേടി തിരിച്ചുവരും. പരാജയപ്പെട്ടാൽ ഞാനെന്റെ ജഡം സമുദ്രത്തിന് സംഭാവന നൽകും' ("I shall return with what I want or my dead body will float in the ocean")

*1930–ൽ ദണ്ഡിയാത്ര ആരംഭിക്കുംമുമ്പ്)*

സത്യവും അഹിംസയുമാണ് എന്റെ ദൈവങ്ങൾ (Truth and non-violence are my God)

ദാരിദ്ര്യമാണ് കുറ്റങ്ങളുടെ അമ്മയെങ്കിൽ വിവേകശൂന്യതയാണ് അവയുടെ അച്ഛൻ

ദുർബലർക്ക് ഒരിക്കലും മാപ്പു നൽകാൻ കഴിയില്ല. ക്ഷമ കരുത്തരുടെ ലക്ഷണമാണ് (The weak can never forgive. Forgiveness is the attribute of the strong.)

മനുഷ്യന്റെ ആഗ്രഹം നിറവേറ്റാൻ ഭൂമിക്കു കഴിയും. എന്നാൽ അത്യാഗ്രഹം നിറവേറ്റാൻ കഴിയില്ല (Earth provides enough to satisfy every man's need, but not every man's greed.)

ഓരോ ഗ്രാമവും പൂർണഅധികാരമുള്ള ഒരു റിപ്പബ്ലിക്കോ പഞ്ചായത്തോ ആയിരിക്കണം

ഇന്ത്യ അധിവസിക്കുന്നത് ഗ്രാമങ്ങളിലാണ് (India lives in her villages)

ഉപഭോക്താവ് നമുക്ക് ഏറ്റവും പ്രാധാന്യമുള്ള വ്യക്തിയാണ് (A customer is the most important person of our premises)

അസ്പൃശ്യത നിലനിന്നാൽ ഹിന്ദുമതം മരിക്കും

ഹേ റാം (അവസാന വാക്കുകൾ)

## ഒറ്റനോട്ടത്തിൽ

### നാഴികക്കല്ലുകൾ

| | | |
|---|---|---|
| ജനനം | : | 1869 |
| വിവാഹം | : | 1883 |
| നിയമബിരുദം | : | 1891 |
| ദക്ഷിണാഫ്രിക്കയിലേക്ക് | : | 1893 |
| ആദ്യമായി കോൺഗ്രസ് സമ്മേളനത്തിൽ | : | 1901 |
| ഇന്ത്യയിൽ തിരികെ | : | 1915 |
| ഇന്ത്യയിൽ ആദ്യ സത്യാഗ്രഹം | : | 1917 |
| കോൺഗ്രസ് പ്രസിഡന്റ് | : | 1924 |
| ഉപ്പു സത്യാഗ്രഹം | : | 1930 |
| വട്ടമേശ സമ്മേളനത്തിൽ | : | 1931 |
| കോൺഗ്രസ് വിടാനുള്ള തീരുമാനം | : | 1934 |
| അവസാനത്തെ സത്യാഗ്രഹം | : | 1948 |
| നിര്യാണം | : | 1948 |

# CURRENT Affairs

1. In which Indian state is Pema Khandu is the Chief Minister? Arunachal Pradesh
2. Name the Keralite who was recently been honoured with the Padmavibhushan award 2018? P.Parameswaran
3. The author of the famous novel 'Aarachar': K.R.Meera
4. The South East Asian country where Ujala Scheme of India was implemented? Malaysia
5. VINBAX-2018 military exercise was conducted at Jabalpur in Madhya Pradesh between India and: Vietnam
6. What is the event related to Devendra Jhajharia, the winner of Rajiv Gandhi Khel Ratna Award? Javelin Throw



7. Which heritage monument is depicted in the new 10 rupee note by RBI? Konark Sun Temple
8. Who wrote the book ''Sravukalkkoppam Neenthumpol"? Jacob Thomas
9. In which city was the first Khelo India Games held? New Delhi
10. In which country Abdul Hamid was re-elected president? Bangladesh
11. In which year Pinarayi Vijayan became the Chief Minister of Kerala? 2016
12. Name the Assembly Constituency in Kerala where byelection was held in 2017: Vengara
13. Name the organisation that got the 2017 Nobel Peace Prize: International Campaign to abolish nuclear Weapons
14. Nationality of Prof.Ved Prakash Nanda who received Padmabhushan in 2018: USA
15. The first city in Kerala to host international Twenty-20 Cricket match: Thiruvananthapuram
16. The nationality of Nouf Marwaai, the yoga instructor who has recently conferred with Padma Shri award? Saudi Arabia
17. The number of permanent judges in Kerala High Court: 27
18. Which Bollywood personality has become the official brand ambassador of Sikkim? A.R.Rehman
19. Which country was visited by Prime Minister Narendra Modi on the occasion of 25th anniversary of diplomatic relations? Israel
20. Who authored the book 'Speaking truth to Power'? P.Chidambaram
21. Who got the latest Pallavoor Appu Marar Award of Government of Kerala: Annamada Parameswara Marar
22. Who has become first woman chairman of Indian Banks' Association (IBA)? Usha Ananthasubramanian
23. Who has been appointed as ICC's first female independent director? Indra Nooyi
24. Who is the Chief Minister of Uttar Pradesh? Yogi Adityanath
25. Who was appointed as the Chairman of the Ethics Commission of International Olympic Committee? Ban Ki Moon
26. Which language was adopted as the second language of Telengana? Urdu
27. Name the organisation that prepares the Global Human Capital Index: World Economic Forum
28. National Rural Livelihoods Mission (NRLM) is also known as: Aajeevika
29. Pradhanmantri Mathruvandana Yojana was implemented in the year: 2017
30. The famous cricketer who was honoured with Padmabhushan in 2018: M.S.Dhoni
31. The Minister for Water Resources in Kerala: Mathew T.Thomas
32. The nationality of Rafel Nadal, famous tennis player: Spain
33. The state in India which implemented Compassionate Family Pension Scheme instead of Compassionate Employment Scheme? Assam
34. What is the track gauge of Kochi Metro: 1435 mm
35. Which country defeated England in the final of 2017 Under-17 Football Cup? Spain
36. Which country is the second largest contributor the United Nations Budget: Japan
37. Which country topped in the medal tally of 2017 Asian Athletic Championship? India
38. Which Indian State has the largest number of elephants? Karnataka
39. Which is the venue of the 8th edition of Theatre Olympics: New Delhi
40. Which South Indian music director has been awarded the Padma Vibhushan for the year 2018? Ilayaraja
41. Who headed the jury of the state film award 2017? T.V. Chandran
42. With which country India signed Rafale warplane agreement? France
43. Who is the captain of the Indian Cricket team? Virat Kohli
44. Who is the chief minister of Puthucherry? V.Narayanasamy
45. Who is the minister for Agriculture in Kerala? V.S.Sunil Kumar
46. Who is the minister in charge of the portfolio of Electricity in Kerala Cabinet? M.M.Mani
47. Who is the President of International Cricket Council? Sasank Manohar
48. Who was appointed as Amicus Curie in the case demanding re-investigation in the assassination of Mahathna Gandhi? Amarendar Sharan
49. Who is the captain of Indian Hockey team (Men): P.R.Sreejesh





50. In which district is Banasura Sagar where floating solar power plant was installed? Wayanad
51. H.D.Kumaraswami is the new Chief Minister of: Karnataka
52. In which year Nava Kerala Mission was launched? 2016
53. K.Somanathan Nair alias Nathan who passed away in 2018 April was famous as a: Cartoonist
54. Name the country that earned maximum revenue from non-residents in 2017: India
55. The 20th country to ban Muthalaq: India
56. The first Latin American country to get membership in NATO? Colombia
57. The first territory in the world to repeal same sex marriage: Bermuda
58. The last country to join the list of test playing nations: Afghanistan
59. The literacy programme launched by the Literacy mission for the inmates of old age homes and orphanages: Aksharasanthwanam
60. The nationality of Maria Fernando Espinosa who has been selected as the President of the United Nations General Assembly: Ecuador
61. The naval version of the ballistic missile which is capable of carrying nucler weapons, experimented by India in 2018 February from Balasore in Odisha: Dhanush
62. The number of African countries that have membership in United Nations: 54
63. The number of test cricket playing nations: 12
64. The official ball of the 2018 World Cup Football? Telstar 2018
65. The other name of Kerala State Welfare Corporation for Forward Communities: Samunnathi
66. The scheme which is aimed at improving facilities in government run hospitals with a view to extend treatment at a reasonable cost: Aardram
67. The Union Cabinet Minister for Human Resources Development: Prakesh Javadekar
68. The venue of International Film Festival of Kerala 2017: Thiruvananthapuram
69. Vijay Rupani is the chief minister of the Indian state of: Gujarat
70. What is the prize money of Ezhuthachan Award? Rs.500000
71. Where did Sachin Tendulkar launch Mission-24 to raise the standard of slums? Mumbai
72. Which country jointly issued stamp in connection with Deepavali? Canada
73. Which honour was conferred on Jyoti Prakash Nirala posthumously in 2018? Keerthi Chakra
74. Which Indian state was ruled by Rishang Keishing who passed away recently: Manipur
75. Which is the political party of Mamta Banerjee, the chief minister of West Bengal? Trinamul Congress
76. Which university took back the honour given Aung San Suu Kyi? Oxford
77. Who authored the book Matoshree? Sumitra Mahajan
78. Who authored 'What Happened'? Hillary Clinton
79. Who got S.Guptan Nair Award declared in 2018 January? V.S.Sharma
80. Who got the Golden Shoe Award for the top scorer in Europe? Lionel Messi
81. Which country has the largest economy in the world:

# Current Affairs

USA
82. Who is the richest Malayali? M.A. Yousufali
83. World's tallest hotel Gevora was opened in the city: Dubai
84. Zabivaka, the mascot of 2018 FIFA World Cup is a: Wolf
85. Arjan Singh who passed away in 2017 September was formerly India's: Marshal of Airforce
86. Name the person related to observance of Unani day: Hakkim Ajmal Khan
87. Devendra Fadnavis is the Chief Minister of: Maharashtra
88. Hrishikesh Roy who became the chief justice of Kerala High Court was formerly serving in the High Court of: Guwahati
89. In which year Ireland joined in the club of test cricket playing nations? 2018
90. Jatayupara tourism project is in the district of: Kollam
91. The IAS officer to head the international observation team to Zimbabwe? Raju Narayana Swami
92. The nationality of Martina Hingis: Switzerland
93. The phone number of woman help desk in the polce stations: 1091
94. Who is the Lieutenant Governor of Puthucherry? Kiran Bedi



95. The space mission Cassini which ended in Saturn was launched by: USA
96. What is known as the fifth mode of transport? Hyperloop
97. Where the President of India inaugurated Mahamasthakabhishekam? Sravanabelagola
98. Summit, the fastest Super Computer in the world is built by: USA
99. Which city was chosen as the new capital of Andhra Pradesh? Amaravati
100. Which country has the longest serving current head of state: UK
101. Which government has launched Happiness Curriculam recently? Delhi
102. Which is the highest dam in India: Tehri
103. Which post was held by R.K.Singh one of the Union Ministers? Home Secretary
104. Who was appointed as the Chairman of the State Human Rights Commission? Js.Antony Dominic
105. Where is the first digital art museum in the world: Tokyo
106. Name the Assembly Constituency in Kerala where byelection was held in 2018 May? Chengannur
107. Dr Bindeshwar Pathak was honoured with the Japan's prestigious Nikkei Asia Prize for his contribution to Asia's development is the founder of: Sulabh International
108. Ivan Duque was elected the new President of : Colombia
109. K.Vijayakumar, who led the operation which killed Veerappan, was appointed the advisor to the Governor of: Jammu & Kashmir



110. Name the Indian state which was brought under Governor's rule in 2018 June: Jammu and Kashmir
111. The saplings of which tree have been planted in the schools of Kerala recently in connection with World Environment Day: Jack fruit tree
112. The 105th Indian Science Congress will be held at: Manipur
113. The date of longest lunar eclipse of the century? 2018 July 27
114. The first Khadi Mall in India is in: Jharkhand
115. The Kerala Government project impart training to students in swimming: Splash
116. The political party of Mehbooba Mufti who quit the post of Chief Minister of Jammu and Kashmir: PDP
117. The proposed venue of National Tribal Museum and National Tribal Research Institute: New Delhi
118. Where is the first e-waste recycling unit in India: Bangaluru
119. Which country became the sixth largest economy in the world? India
120. Which country tops in terms of Swiss Bank deposit? Britain
121. Who is appointed as the Co-ordinator of the developmental Missions of Government of Kerala: Cheriyan Philip
122. Who quit the post of Chief Economic Advisor of Governement of India? Aravind Subramanyan
123. Who scored the first hatrick in the 2018 World Cup Football? Cristiano Ronaldo
124. Yuri Gazinskiy who scored the opening goal of the 2018 World Cup belonged to: Russia
125. 44th G7 summit was held in La Malbaie. It is in: Canada
126. Danny Faure who visited India recently is the President of: Seychelles
127. For which novel Mike McCormack won the 2018 Dublin Literary Award? Solar bones
128. International Albinism Awareness Day is observed on: June 13
129. Jeff Bezoz who has been listed as the richest person by the Forbes' Magazine is the CEO of: Amazon
130. Native state of *Anukreethy Vas who was crowned Miss India 2018: Tamil Nadu*
131. Recep Tayyip Erdogan who got favourable mandate to retain his presidential berth belonged to: Turkey
132. The country repealed membership from United Nations Human Rights Council (UNHRC) recently: USA
133. The first Indian cricketer to score century in the first session of test cricket: Sikhar Dhawan




134. The opening match of 2018 FIFA World Cup was played between: Russia and Saudi Arabia
135. The proposed venue of country's first tribal employment exchange: Palode
136. The theme of 2018 World Environment Day : Beat Plastic Pollution
137. The venue of the National Yoga Olympiad 2018 organised by NCERT: New Delhi
138. What is the rank of India in terms of Swis Bank deposits? 73
139. What is the rank of Malayalam among the Indian languages in terms of number of speakers: 10
140. Which country developed 'Remove Debris' to clean the space? Britain
141. Which country was venue of the meeting between Donald Trump of USA and Kim Jong of North Korea? Singapore
142. Which state government has launched 'One person One car policy'? Bengal
143. Which state has signed Memorandum of Understanding (MoU) with Quebec province of Canada to increase economic cooperation and welfare of tribal community in the state? Maharashtra
144. Which state was the venue of Sindhudarshan festival? Jammu and Kashmir
145. Which was the venue of the first Cricket test match between India and Afghanistan: Bangaluru
146. Which will be the venue of the first military exercise of BIMSTEC? India
147. Who got Poly Umrigar Award for the best Indian cricketer in the past two seasons? Virat Kohli
148. Who was appointed as the Central Vigilance Commissioner? Sharad Kumar
149. Who was crowned Femina Miss India 2018?



*Anukreethy Vas*
150. Who was elected the President of AMMA (Association of Malayalam Movie Artists): Mohanlal
151. In 2018 June Indian Prime Minister signed agreement with the President of which country to built a naval station in that country? Seychelles
152. The youngest Indian Grand Master in Chess: *Praggnanandhaa*
153. Carlos Sanchez who got the first red card in the 2018 World Cup Football belongs to: Colombia
154. The winners of the first Intercontinental cup football: India
155. Abdulla II who got the Templeton Award recently is the king of: Jordan
156. Along with USA and Canada which country will host the 2026 World Cup Football: Mexico
157. As per the latest amendment of Kerala Abkari Act, the minimum age to buy liquor is: 23
158. In which High Court Justice Thottathil B.Radhakrishnan was appointed Chief Justice? Telengana-Andhra Pradesh
159. Shujaat Bukhari was shot dead by unidentified assailants outside his officewas the editor of: Rising Kashmir
160. The alternative to University Grants Commission? Higher Education Commission of India




161. The first Indian to score 2000 runs in Twenty-20 Internatonal cricket: Mithali Raj
162. The first Asian country to defeat a Latin American Country in World Cup Football: Japan
163. The national portal to find out missing children which was brought into effect recently: Track the child
164. The new Chairman of Payments Council of India? Vishwas Patel
165. The president of which country inaugurated the 2018 World Cup Football? Russia
166. The state to launch Child Protection Units in all districts: Telengana
167. The venue of 2018 ICC Women's Twenty-20 World Cup? West Indies
168. The World Sports Journalists Day: July 2
169. Which city in Rajastan witnessed participation of one lakh persons performing Yoga? Kota (Rajastan)
170. Which award was won by Lawrence Hadded and David Nabarro recently? World Food Prize
171. Which gulf country gained media attention in 2018 June as it granted permission to woman to drive: Saudi Arabia
172. Which state made it mandatory the usage of plastic for the construction of roads? Maharashtra
173. Which was the venue of the international Yoga Day Celebrations in India in 2018? Dehra Dun
174. Who inaugurated the Malabar River Cruise Project recently? Pinarayi Vijayan
175. Who is appointed as the Chairman of the Commission for examining the possibilities of uniform civil code in the country? B.S.Chauhan
176. Who was appointed as Chairman of Union Public Service Commission: Aravind Saxena
177. Who was appointed as the advisor of Meghalaya Government with cabinet rank: C.V.Ananda Bose
178. A statue of Ramanuja having a height of 216 ft is under construction in: Hyderabad
179. Along with Jakarta which city hosted the 2018 Asian games ? Palembang
180. Deepa Karmakar is associated with the sports: Gymnastics
181. In which country is Tham Luang cave where 12 children and their football coach were trapped ? Thailand
182. The fifth Indian to get entry to ICC Hall of Fame: Rahul Dravid



183. In which state is Gadikan village where a "No Toilet No Bride'' resolution was passed ? Haryana
184. Maharaja Beer Bikram Kishor airport is in: Agarthala
185. The 17th World Sanskrit Conference (WSC-2018) is hosted by: Canada
186. The Art Deco of which Indian city has been entered into the list of World Heritage site: Mumbai
187. In which Indian state Rajnath Singh the Union Home Minister formerly served as Chief Minister? Uttar Pradesh
188. The first Malayali to become Deputy Chairman of Rajya Sabha passed away recently. His name is: M M Jacob
189. The new secret wing formed in KSRTC: Salter
190. The novel 'English Patient' that has won the Golden Man Booker Prize is authored: by: Michael Ondaatje
191. The number of questions that can be asked by a member in Lok Sabha from the next session? Five
192. The political leader in Kerala who celebrated 100th birth day: KR Gowri
193. The rank of India in the 2018 Global Real Estate Index: 35
194. The venue of 2017 Miss Universe Pageant: Les Vegas
195. What is the language of the film '120 beats per minute' which got the Golden Peacock Award in the Goa Film Festival? French
196. Which among the following conferred the honour 'Grand Collar of the State' on Narendra Modi? Palestine
197. Which city in Maharashtra will host the Monsoon session of the state Legislature today after a gap of 47 years? Nagpur
198. Which country has the largest army in the world in terms of number of personnel: China
199. Which day was observed as International Day of Parliamentarism by UNO: June 30
200. Which University has decided to confer D.Litt to T.Padmanabhan and M.A.Yousafali: MG University
201. Who got the latest Kalidas Samman for Visual Arts?



Anjolie Ela Menon

202. For the performance in which film Indrans got the state film award for best actor? Aalorukkam
203. In which country is ancient city of Qaihat which entered World Heritage List of UNESCO recently? Oman
204. In which Indian state Suryashakti Kisan Yojana was launched? Gujarat
205. In which state is Bhitarkanika National Park that has become the largest habitat of the endangered estuarine crocodiles in India ? Odisha
206. Natioanality of Carlos Sanchez who got the first red card in the 2018 World Cup Football? Colombia
207. Number of teams participated in the 2018 Football World Cup: 32
208. The 28th plenery meeting of Nuclear Supply group was held at Jurmala. It is in: Latvia
209. The former Chief Minister of Kerala whose birth centenary is celebrated at present? K.Karunakaran
210. The last country to join the club of test cricket playing nations: Afghanistan
211. The World Elder Abuse Awareness Day (WEAAD) is observed every year on: June 15
212. The winners of the first Cricket test match between India and Afghanistan was India. The venue was: Bangaluru



213. Which atomic power plant established record by running continuously for 766 days? Kaiga
214. What is the strength of member states in Commonwealth of Nations: 53
215. Where is the first green mall of the country was inaugurated in 2018 March? Thiruvananthapuram
216. The nationality of Stephen Constantine, the coach of Indian Football team? England
217. Which countrry hosted the 17th World Sanskrit Conference (WSC-2018) ? Canada
218. Which country launched the space mission 'Hayabusa'? Japan
219. Which state has the maximum number of Unesco World Heritage Sites in India? Maharashtra
220. Who got the Nikkei Asia Prize 2018? Dr.Bindeshwar Pathak
221. Who has been appointed the new chairperson of the National Green Tribunal (NGT)? Adarsh Kumar Goe
222. Who won the 2018World Cup Football: France
223. Which country launched GLONASS-M Navigation satellite ? Russia
224. 'Freedom From Waste' campaign launched by : Harithakeralam Mission
225. K.P. Ramanunni bagged 'The Kendra Sahitya Academy' for his work: Daivathinte Pustakam
226. Name the satellite, which launched by ISRO as its 100th satellite from Satheesh Dhawan Space Centre, Sreeharikotta on 12th January, 2018 : Cartosat 2
227. Parent department of National Disaster Management Authority (India) abbreviated NDMA : Ministry of Home Affairs
228. The first city in Kerala where city gas project was implemented? Kochi
229. The venue of 10th BRICS summit: Johennesberg
230. Which state government has launched the 'Solar Briefcase' to provide electricity in remote areas : Uttarakhand
231. Who is the director of controversial Bollywood film 'Indu Sarkar' ? Madhur Bhandarkar
232. Who is the recipient of Mathruboomi Literary award 2017 : M.K. Sanu
233. The impeachment notice against whom was rejected by Rajya Sabha chairman Venkiah Naidu 2018 April? Dipak Misra



# Current Affairs




234. The fourth Indian cricketer to score 10000 runs in one day cricket: MS Dhoni
235. Proposed seat of National Police Museum : N e w Delhi
236. Moon Jae-in is the President of: South Korea
237. Who is the winner of US open badminton Championship Men's Single held at California in 24th July 2017 : H.S. Pranoy
238. The scheme implemented by the Government of Kerala for children affected by juvenile diabetis: Mitayi
239. The State Poverty Eradication Mission of Governement of Kerala is otherwise known as: Kudumbasree
240. The venue of 11th World Hindi Conference: Mauritius
241. The venue of 2022 World Cup Football: Lusail
242. Which committee is appointed to lay down standards for metro rail systems? E.Sreedharan Committee
243. Which country has the topmost position in the world press freedom index 2018? Norway
244. Which gulf country opened its first public movie theatre in 2018, after over 35 years of prohibition for religious reasons? Saudi Arabia
245. Whichwas the venue of US-Russia summit held recently? Helsinki
246. Who is selected for NASA's mission to send first human to space? Alyssa Carson



247. Who was selected for Outstanding Parliamentarian Award 2017? Bhartruhari Mahatab
248. ............................................................................................
249. A number of petitions were brought before the Supreme Court challenging Section 377 of the Indian Penal Code. What is related to Section 377? Home sexuality
250. G.S.T. came into force on: July I, 2017
251. In 2018 Thailand Open Badminton, PV Sindhu of India was defeated by Nozomi Okuhara . Her nationality is: Japan
252. In which country is Gwadar Port? Pakistan
253. Mohammed bin Sultan Al Qasimi who visited Kerala in 2017 is the ruler of: Sharjah
254. Name of the first Geoinformatic Panchayath in Kerala: Aruvikkara
255. Name the rocket used by ISRO to launch its 100th satellite-CARTOSAT-2: PSLV-C40
256. Pradhan Mantri Ujjwala Yojana is related to: LPG connection
257. The back side of new Rs 100 note features motif of "Rani Ki Vav". It is a monument in: Gujarat
258. The first Kudumbasree unit in Kerala for transgender persons: Manassini
259. The first wicket-keeper for India to take ten catches in a single Test: Wriddhiman Saha
260. The first woman president of NASSCOM: Debjani Ghosh
261. What is the dimension of Rs.2000 note: 166 mm X 66mm
262. Which country has roped in Bollywood actress Parineeti Chopra as their tourism ambassador? Australia




263. Who won gold in the 100 meters men final of the world athletic championship held at London in 2017 ? Justilin Gatlin
264. Which country won women cricket world cup of 2017 ? England
265. Which state assembly has passed the bill on parental care on Sept 15, 2017? Assam
266. Which state has started Kabir Mahotsav to mark the 500th death anniversary of mystic poet and saint Kabir Das. Uttar Pradesh
267. Which was declared as the national language by Israel? Hebrew
268. Who authored the autobiography 'Imperfect'? Sanjay Manjarekar
269. Which country hosted the Olympics - 2016 ? Brazil
270. Bhin Bhin, Kaka, and Atung are the mascots of: 2018 Asian Games
271. GST is celebrated on: July 1
272. In which Assemby constituency of Kerala byelection was conducted in 2018? Chengannur
273. In which country Emerson Mnangagua has been reelected as the President? Zimbabwe
274. In which Indian state a huge statue of Sardar Vallabh Bhai Patel named Statue of Unity is being constructed? Gujarat



275. The Brand Ambassidor of Harithakeralam project: K.J. Yesudas
276. SABLA Scheme focuses on : Adolescent girls
277. The $193^{rd}$ member of UNO: South Sudan
278. In which state is Malkajgiri, the Loksabha Constituency with the largest number of voters? Telengana
279. The Chairman of the $14^{th}$ Finance Commission (2015-20): Y.V.Reddy
280. The first country to introduce laws to allow the creation of three-parent babies? Britain
281. The first state to implement a buyback scheme for PET bottles and plastic milk pouches : Maharashtra
282. The height of the Statue of Unity: 597 ft
283. The host of ICC World Cup 2019: England, Wales
284. The largest economy in the world: USA
285. The nationality of Maria Sharapoa: Russia
286. The number of members in European Union: 28
287. The numbers of members in OPEC: 15
288. The oldest member of $16^{th}$ Lok Sabha: LK Advani
289. The proposed venue of 2020 Summer Olympics: Tokyo
290. The scheme of Government of Kerala for children below 18 years of age who are affected by fatal diseases: Thalolam
291. What is the name of the mission which aims to achieve full immunisation coverage for all children in the country by 2020? Mission indradhanush
292. Which Award is given to best goal keeper in FIFA World Cup: Golden Glove
293. Which Department launched 'Lahari Vimuktha Keralam Project'? Excise
294. Which film has won the 'Palme d'Or' at the 2017 Cannes Film Festival ? The Square
295. Which Indian village has won 2017 Smart Village Award ? Govardhan Eco Village
296. *Which is the first state banned* the inclusion of *names* of government functionaries on foundation stones and inaugural *plaques?* Punjab
297. Which is the political party of Imran Khan? Pakistan Tehreek-e-Insaf
298. Who is the chairman of the Dam Safety Authority of Kerala? R.Ramachandran Nair
299. Who is currently the World's oldest Monarch? Queen Elizabeth II
300. Which launching vehicle of ISRO got the reward of 104 space craft in their desired orbits? PSLV C : 37



# നവീകരണസാരഥികൾ

## മക്തി തങ്ങൾ (1847-1912)

- പത്തൊൻപതാം നൂറ്റാണ്ടിലെ കേരളത്തിലെ ഒരു സാമൂഹിക പരിഷ്കർത്താവായിരുന്ന മക്തി തങ്ങൾ മതപരിഷ്കരണം, വിദ്യാഭ്യാസ പരിഷ്കരണം, ഗ്രന്ഥ രചന, മതാന്തര സംവാദം, സ്ത്രീ വിദ്യ്യാസം, പത്രപ്രവർത്തനം തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു.
- പൊന്നാനിക്കടുത്തുള്ള വെളിയങ്കോട്ട് സയ്യിദ് അഹമ്മദ് തങ്ങളുടേയും പത്നി ഹമദാനി വംശജയായ ആരിഫ ബീവിയുടെയും മകനായി 1847ൽ ജനിച്ചു. പിതാവിന്റെ കീഴിലാണ് പ്രാഥമിക അറബി പഠനം നടത്തിയത്. പിന്നീട് ചാവക്കാട് ഹയർ എലിമെന്ററി സ്കൂളിൽ പഠിച്ചു.
- വെളിയങ്കോട്, പൊന്നാനി, മാറഞ്ചേരി, പള്ളികളിൽ മതവിഷയങ്ങളിൽ പ്രാവീണ്യം നേടിയ മക്തി തങ്ങൾ ഏതാനും വർഷം ബ്രിട്ടീഷ് സർക്കാരിനുകീഴിൽ എക്സൈസ് ഇൻസ്പെക്ടറായി ജോലി ചെയ്തു.
- മുസ്ലീം സമുദായത്തിൽനിന്ന് മാതൃഭാഷയ്ക്കുവേണ്ടി പത്തൊൻപതാം നൂറ്റാണ്ടിൽ ഉയർന്ന ഏറ്റവും വലിയ ശബ്ദം മക്തി തങ്ങളുടേതായിരുന്നു. കേരളീയ മുസ്ലീങ്ങളുടെ മാതൃഭാഷ മലയാളമായിരുന്നെങ്കിലും എഴുതാനുപയോഗിച്ചിരുന്നത് അറബി മലയാളം എന്ന അറബി ലിപിയാണ്. ഇതിൽനിന്ന് വ്യത്യസ്തമായി മലയാള ലിപിയിൽ ആദ്യമായി പുസ്തകമിറക്കിയ മുസ്ലീം എഴുത്തുകാരനാണ് അദ്ദേഹം.
- മാതൃഭാഷയുടെ പോരാളി എന്നറിയപ്പെട്ടു.
- മക്തി തങ്ങൾ രചിച്ച 'കഠോര കുഠാരം' (1884) എന്ന കൃതിയാണ് മലയാള ലിപിയിലെഴുതിയ കേരളീയ മുസ്ലീമിന്റെ ആദ്യ ഗ്രന്ഥം. ഖുർ ആൻ മലയാളത്തിൽ വിവർത്തനംചെയ്യണമെന്ന് ആദ്യം ആവശ്യപ്പെട്ടവരിൽ ഒരാൾ മക്തി തങ്ങളായിരുന്നു.
- വിദ്യാഭ്യാസപരമായും സാമൂഹികമായും ബഹുദൂരം പിന്തള്ളപ്പെട്ടുപോയ മുസ്ലീം സമുദായത്തിൽ പുരോഗമന ചിന്തയും ആധുനിക വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യവും വളർത്താൻ മക്തി തങ്ങൾ പ്രയത്നിച്ചു. മുസ്ലീം സമുദായത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയുള്ള പ്രചാരണം അദ്ദേഹം ഏറ്റെടുത്തു.
- സ്വന്തം സമുദായത്തെ ആധുനിക വിദ്യാഭ്യാസം നേടാൻ നിരന്തരം ഉപദേശിക്കുകയും അതിനുവേണ്ടി ഇറങ്ങിത്തിരിക്കുകയും ചെയ്ത മക്തി തങ്ങൾ ഭരണാധികാരികൾക്കെതിരെ നിരന്തര കലാപത്തിനിറങ്ങിയ മാപ്പിളമാരെ അതിൽനിന്ന് പിന്തിരിപ്പിച്ച് ഭരണകൂടങ്ങളിൽനിന്ന് പരമാവധി ആനുകൂല്യങ്ങൾ സമ്പാദിച്ച് സ്വന്തം ഭാവി ശോഭനമാക്കാൻ പ്രേരിപ്പിച്ചു.
- ജനങ്ങൾക്കിടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ക്രമാതീതമായി വ്യാപിക്കുന്നതിന്റെ മൂലകാരണം അവരുടെ അജ്ഞതയാണ് എന്ന് വിലയിരുത്തിയ മക്തിതങ്ങൾ അറിവിന്റെ പ്രചരണത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു. സ്ത്രീ വിദ്യാഭ്യാസത്തിനുവേണ്ടിയും അദ്ദേഹം നിലകൊണ്ടു.
- അറബി മലയാളത്തിൽ തങ്ങൾ രചിച്ച കൃതികളാണ് തസ്ലീമുൽ ഇഖ്വാൻ, മുഅല്ലിമുൽ ഇഖ്വാൻ, മരുമക്കത്തായം എന്നിവ.
- കഠോര കുഠാരം, സത്യദർശിനി, കുഠോരവജ്രം, മക്തി സംവാദജയം, മുസ്ലീങ്ങളും രാജഭക്തിയും, ഡംഭാചാരവിചാരി, പാലില്ലാ പായസം, ഇസ്ലാം വാള് ദൈവവാള്, മുസ്ലീങ്ങളും വിദ്യാഭ്യാസവും, മൂസക്കുട്ടിയുടെ മൂക്കുത്തി, സ്വർഗത്തിലേക്ക് വഴികാട്ടി ക്രിസ്തുവോ പൗലോസോ? എന്നിവ അദ്ദേഹം രചിച്ച ചില മലയാള കൃതികളാണ്.
- ഇസ്ലാമിക് ട്രാക്ട് എന്നപേരിൽ കൊച്ചിയിൽനിന്ന് അദ്ദേഹം ചില ലഘുലേഖകൾ പ്രസിദ്ധീകരിച്ചിരുന്നു.
- സ്വദേശാഭിമാനി, സനാതന ധർമം, മലയാള രാജ്യം, കേരള സഞ്ചാരി, സ്വലാഹുൽ ഇഖ്വാൻ മുതലായ അക്കാലത്തെ പത്രങ്ങളിൽ തങ്ങൾ നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.
- 1911-ൽ അനാരോഗ്യം കാരണം മക്തി തങ്ങൾ ഫോർട്ട് കൊച്ചിയിൽ സ്ഥിരതാമസമാക്കി. 1912 സെപ്തംബർ 18ന് അന്തരിച്ചു.

## മമ്പുറം തങ്ങൾ (1753-1844)

- പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിൽ മുസ്ലീം ആത്മീയ നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്നു മമ്പുറം തങ്ങൾ.
- 1753-ൽ യെമനിലെ ഹദറമൗത്തിലെ തരീമിലാണ് മമ്പുറം തങ്ങൾ ജനിച്ചത്. പിതാവ് മുഹമ്മദ് ഇബ്ദു സഹ്ൽ മൗല ദവീല. മാതാവ് ഫാത്തിമ ജിഫ്രി. മാതാപിതാക്കൾ ചെറുപ്രായത്തിൽതന്നെ മരണപ്പെട്ടതിനാൽ തന്റെ ഒരു അമ്മായിയുടെ സംരക്ഷണയിലാണ് അദ്ദേഹം വളർന്നത്.
- പതിനേഴ് വയസ്സ് പൂർത്തിയാകുംമുമ്പുതന്നെ ഇസ്ലാമിക വിജ്ഞാനത്തിൽ അവഗാഹം നേടിയ തങ്ങൾ പതിനേഴാം വയസ്സിൽ കപ്പൽമാർഗം കേരളത്തിലേക്ക് വന്നു. കോഴിക്കോട്ടെ ശൈഖ് ജിഫ്രിയുടെ അഭ്യർഥനപ്രകാരമാണ് യാത്ര എന്ന് പറയപ്പെടുന്നു.
- കുറച്ചുകാലം കോഴിക്കോട്ട് താമസിച്ച തങ്ങൾ പിന്നീട് മമ്പുറത്തെത്തി സൂഫി മതപണ്ഡിതനും മാതുലനുമായിരുന്ന ഹസ്സൻ ജിഫ്രിയുടെ ഒസ്യത്ത് പ്രകാരം സാവിയയും ദർഗയും ഏറ്റെടുക്കുകയും ഹസ്സൻ ജിഫ്രിയുടെ മകൾ ഫാത്തിമയെ കല്യാണംകഴിക്കുകയും അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. അവിടുത്തെ ചെറിയ പള്ളി കേന്ദ്രീകരിച്ചാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ-സാമൂഹിക പ്രവർത്തനങ്ങൾ നടന്നത്.
- ബ്രിട്ടീഷുകാർക്കെതിരെ സമരംചെയ്യണമെന്ന് ആഹ്വാനംചെയ്യുന്ന തങ്ങളുടെ കൃതിയാണ് ''സൈഫൽ ബത്താർ''. ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങൾക്ക് അദ്ദേഹം നേരിട്ട് നേതൃത്വം കൊടുത്തിരുന്നു എന്ന് പറയപ്പെടുന്നു. 1801ലെയും 1807ലെയും മാപ്പിള ലഹളയ്ക്കുപിന്നിൽ മമ്പുറം തങ്ങളാണെന്ന് കരുതി ബ്രിട്ടീഷുകാർ അദ്ദേഹത്തെ അറസ്റ്റുചെയ്യാൻ തീരുമാനിച്ചിരുന്നുവെങ്കിലും പിന്നീട് കലാപം ഭയന്ന് ആ തീരുമാനം മാറ്റുകയായിരുന്നു. ഒരു ഹിന്ദുവിനെ മാനേജരാക്കി നിയമിച്ചതിലൂടെ അന്യമതസ്ഥരോടുള്ള തന്റെ സഹിഷ്ണുത അദ്ദേഹം വെളിവാക്കിയിരുന്നു.
- 1844-ൽ മമ്പുറം തങ്ങൾ അന്തരിച്ചു. ചേരൂർ യുദ്ധത്തിനിടെ കാലിൽ സംഭവിച്ച മുറിവാണ് തങ്ങളുടെ മരണകാരണമെന്ന് വിശ്വസിക്കപ്പെടുന്നു. ഹസൻ ജിഫ്രിയുടെ ശവകുടീരത്തിനടുത്താണ് തങ്ങളെ കബറടക്കിയത്. ജാതിമത ഭേദമന്യേ ജനങ്ങൾ സന്ദർശിക്കാനെത്തുന്ന തീർഥാടന കേന്ദ്രങ്ങളിലൊന്നാണ് തങ്ങളുടെ കബറിടം.

## അബ്രഹാം മൽപ്പാൻ (1796-1845)

- മലങ്കര സുറിയാനി സഭയിലെ നവീകരണ പ്രസ്ഥാനത്തിന് തുടക്കംകുറിച്ച പുരോഹിതനായിരുന്നു അബ്രഹാം മൽപ്പാൻ.
- പൗരോഹിത്യ പാരമ്പര്യമുള്ള മാരാമൺ



പാലക്കുന്നത്ത് കുടുംബത്തിൽ 1796ൽ ആണ് എബ്രഹാം മൽപ്പാന്റെ ജനനം.
- ഗർഭസ്ഥ ശിശുവായിരിക്കുമ്പോൾ തന്നെ സ്വപിതാവ് അന്തരിച്ചതിനാൽ പിതൃസഹോദരനായ തോമാ മൽപ്പാന്റെ സംരക്ഷണത്തിലും ശിക്ഷണത്തിലുമാണ് അബ്രഹാം മൽപ്പാൻ വളർന്നുവന്നത്.
- ചെറുപ്പത്തിൽത്തന്നെ അബ്രഹാമിന് ആധ്യാത്മികമായ പരിശീലനം സിദ്ധിച്ചിരുന്നു. നാട്ടുഭാഷാഭ്യാസനംകഴിഞ്ഞ് അബ്രഹാം ശെമ്മാശനായി.
- സിഎംഎസ് മിഷനറിമാരുടെ സഹായത്തോടുകൂടി കോട്ടയം പഴയ സെമിനാരിയുടെ പ്രവർത്തനം ആരംഭിച്ചപ്പോൾ അവിടെ സുറിയാനി പഠിപ്പിക്കാൻ കോനാടു മൽപ്പാനോടൊപ്പം അബ്രഹാം മൽപ്പാനും നിയമിതനായി.
- മലങ്കര സുറിയാനി സഭയിലെ നടപടിക്രമങ്ങളെ നവീകരിക്കുന്നതിന് അബ്രഹാം മൽപ്പാന് മിഷനറിമാരോടുള്ള സമ്പർക്കം കൊണ്ടും വേദപാനംകൊണ്ടും സിദ്ധിച്ച പുതിയ വെളിച്ചം പ്രചോദനം നൽകി. പന്ത്രണ്ട് പ്രമുഖ വൈദികരുടെ പിന്തുണകൂടിയുണ്ടായിരുന്ന മൽപ്പാൻ അവരോടൊപ്പം കൂടിയാലോചിച്ച് ആരാധനാക്രമം പരിഷ്കരിച്ചു. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനയും പരിശുദ്ധൻമാരോടുള്ള അപേക്ഷയും പ്രാർഥനാ പുസ്തകത്തിൽ നിന്ന് നീക്കംചെയ്തു. സുറിയാനിയിലുള്ള വിശുദ്ധ കുർബാനാക്രമം മലയാളത്തിൽ തർജമചെയ്ത് ഉപയോഗിക്കണമെന്നും തീരുമാനിച്ചു.
- മലങ്കര മെത്രാപ്പൊലീത്ത ആയിരുന്ന ചേപ്പാട് മാർ ദിവന്യാസിയോസും അനുയായികളും മൽപ്പാൻ വരുത്തിയ നവീകരണത്തെ എതിർത്തു. തുടർന്ന് മൽപ്പാന് അതിശക്തമായ എതിർപ്പുകൾ നേരിടേണ്ടി വന്നു. ഇതിനിടയ്ക്ക് മിഷനറിമാരും മലങ്കര മെത്രാപ്പൊലീത്തയും തമ്മിൽ പിണങ്ങി പിരിഞ്ഞു. 1845-ൽ അബ്രഹാം മൽപ്പാൻ അന്തരിച്ചു.

## മൂർക്കോത്ത് കുമാരൻ (1874-1941)

- എഴുത്തുകാരൻ, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിൽ പ്രശസ്തനായ മൂർക്കോത്ത് കുമാരൻ മലബാർ പ്രദേശത്ത് ശ്രീനാരായണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിൽ അർപ്പണബോധത്തോടെ പ്രവർത്തിച്ച വ്യക്തിയാണ്.
- വടക്കേ മലബാറിലെ മൂർക്കോത്ത് കുടുംബത്തിൽ 1874 മെയ് 23ന് മൂർക്കോത്ത് രാമുണ്ണിയുടെയും പരപ്പുറത്ത് കുഞ്ചിരുതയുടെയും മകനായി ജനിച്ചു. ആറാം വയസ്സിൽ മാതാവും എട്ടാം വയസ്സിൽ പിതാവും നഷ്ടപ്പെട്ട കുമാരൻ അച്ഛന്റെ തറവാട്ടിലാണ് വളർന്നത്.
- തലശ്ശേരി, ചെന്നൈ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. വിവിധ സ്കൂളുകളിലും കോളേജുകളിലും അധ്യാപകനായി ജോലിചെയ്ത അദ്ദേഹം ചെറുകഥാകാരൻ, നിരൂപകൻ എന്നീ നിലകളിലും പ്രസിദ്ധനായി. സ്വന്തമായി മിതവാദി എന്ന മാസികയും നടത്തി.
